III അടിയന്തിരപ്രമേയം

ഭക്ഷ്യസബ്സിഡി കുറയ്ക്കുന്നതുൾപ്പെടെ പൊതുവിതരണ സമ്പ്രദായത്തിൽ കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്താൻ തീരുമാനിച്ച നിയന്ത്രണങ്ങൾ

മി. സ്പീക്കർ : ഭക്ഷ്യസബ്സിഡി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് മാത്രം നൽകുന്നതിനും ചില വിഭാഗങ്ങൾക്ക് റേഷൻ പരിമിതപ്പെടുത്തുന്നതിനും പഞ്ചസാരയുടെ വിതരണം നിറുത്തലാക്കുന്നതിനും ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേന്ദ്രഗവൺമെന്റ് കൈക്കൊണ്ട തീരുമാനംമൂലം കേരളത്തിൽ സംജാതമായിരിക്കുന്ന പ്രതിസന്ധി ചട്ടം 50 അനുസരിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ. എം. മാണി, പി.പി. തങ്കച്ചൻ, ചെർക്കളം അബ്ദുള്ള, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, റൂൾ 50-ന്റെ ഒരു വൈഷമ്യം ഞാൻ പറഞ്ഞത്.....(ബഹളം).....ക്ഷോഭിക്കാതിരിക്കുക..... (ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : അതു പറ്റില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : യാതൊരു കാര്യവുമില്ലാത്ത കാര്യമാണ്....(ബഹളം)...

മി. സ്പീക്കർ : ഒരു കാര്യം പറയുന്നത് ക്ഷമാപൂർവ്വം കേൾക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം...(ബഹളം).....അദ്ദേഹം പറയുന്നത് ക്ഷമാപൂർവ്വം കേൾക്കുക .....(ബഹളം)..... ബഹുമാനപ്പെട്ട മന്ത്രി, അങ്ങു പറയുക.....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഞാനൊരു വാക്കു തുടങ്ങുമ്പോൾ.....(ബഹളം)...

ശ്രീ. ആര്യാടൻ മുഹമ്മദ് : അതു പറ്റില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശ്രീ. ആര്യാടൻ മുഹമ്മദ് തെറ്റിദ്ധാരണകൾ കൊണ്ടാണ് ഇതു പറയുന്നത്. ഞാൻ പറഞ്ഞതെന്താണെന്നുവച്ചാൽ.....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : ഭരണപക്ഷത്തിന് എന്തും പറയാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതു വേറെ കാര്യം. ശ്രീ. ആര്യാടൻ മുഹമ്മദ് പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല. ഞാനുദ്ദേശിച്ചതു, ഞാൻ സമ്മതിക്കുന്നു, റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റായാലും റൂൾ 50 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റായാലും എല്ലാ ആളുകൾക്കും പ്രതികരിക്കാനുള്ള അവസരമില്ല എന്നാണ് ഞാൻ പറഞ്ഞത്.....(ബഹളം).... യഥാർത്ഥത്തിൽ ഇവിടെ കൺസെൻസസ് ഉണ്ടെങ്കിൽ, ഇതുതന്നെ 130 എന്നുപറയുന്ന മോഷൻ-അത് എപ്പോഴും അനുവദിക്കുന്നതാണ്.....(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യാമോ ?

മി. സ്പീക്കർ : അല്ല. അദ്ദേഹം പറയട്ടെ. റൂളിംഗിനെയല്ല.....(ബഹളം).....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഞാൻ റൂളിംഗിനെ ചോദ്യം ചെയ്യുകയാണെന്നു പറഞ്ഞാൽ അദ്ദേഹത്തിന് റൂളിംഗിനെക്കുറിച്ച് മനസ്സിലാകുന്നില്ലായെന്നുള്ളതേ അർത്ഥമുള്ളൂ. അല്ലാതെ വേറെ അർത്ഥമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല.....(ബഹളം).....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ പറഞ്ഞത്, ഇതിലുള്ള റൈറ്റ് സ്പീക്കർക്കുണ്ട് എന്നേയുള്ളൂ. അങ്ങയുടെ യുക്തംപോലെ ചെയ്യാം. സാധാരണഗതിയിൽ അടിയന്തിര പ്രമേയമാണെന്നുണ്ടെങ്കിൽ അതു കഴിഞ്ഞ്, ഡിസ്ക്കഷൻ വേണമെന്നുണ്ടെങ്കിൽ ആ ഡിസ്ക്കഷനേക്കാൾ കൂടുതൽ ഒരു സബ്മിഷനായിട്ട് വരാം. എല്ലാ കക്ഷിനേതാക്കൻമാരും അഭിപ്രായപ്രകടനം നടത്തിയിട്ട് നമുക്ക്.....(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനോട് യോജിക്കുകയല്ലേ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : അതെ.

ശ്രീ. കെ. എം. മാണി : അങ്ങു റൂളിംഗ് നൽകിയിട്ടില്ലേ?

മി. സ്പീക്കർ : റൂളിംഗ് നൽകിക്കഴിഞ്ഞിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ ഒരു വിശദീകരണം പറയുകയാണ്. ഇതു ഗവൺമെന്റിനു പറ്റിയ ഒരു വീഴ്ചയാണ്.....(ബഹളം).....

ശ്രീ. ഡൊമനിക് പ്രസന്റേഷൻ : സഭയിൽ എന്തും കാണിക്കാമെന്നാണോ ?....(ബഹളം).....പ്രതിപക്ഷത്തിനു ഒന്നും പറയാൻ പാടില്ലേ ?.....(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ സംസാരിക്കാൻ അനുവദിക്കുക ....(ബഹളം)...പ്ലീസ്.....ഇതു ശരിയായ രീതിയല്ല.....(ബഹളം).....പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.....(ബഹളം).....ബാക്കിയുള്ളവർ ഇരിക്കുക.....

ശ്രീ. എ. കെ. ആന്റണി : ഭരണകക്ഷി അംഗങ്ങൾ ഇത്രയേറെ അസഹിഷ്ണുത കാണിക്കുന്നത്.....(ബഹളം).....ഇങ്ങനെയാണെങ്കിൽ ഈ സഭ ഇതുപോലെ നടത്തിക്കൊണ്ടു പോകാൻ പറ്റില്ല. പാർലമെന്റിൽ കഴിഞ്ഞ അഞ്ചു ദിവസമായിട്ട് സ്പീക്കറുടെ റൂളിംഗിനെ ധിക്കരിച്ചതുകൊണ്ട് സഭ നിർത്തിവച്ചിരിക്കുകയാണ്. ഞങ്ങൾ ഇത്രയും മര്യാദ കാണിച്ചിട്ട് ഭരണകക്ഷിക്കാർ ഇത്രയും ശബ്ദമുയർത്തി ഞങ്ങളെ അടക്കാൻ നോക്കിയാൽ നടക്കുകയില്ല .....(ബഹളം).....ഇതു അപകടം ചെയ്യും. അതു നടക്കുകയില്ല.....(ബഹളം).....

മി. സ്പീക്കർ : സഭാനടപടികൾ നിയന്ത്രിക്കുന്നതു ചെയറാണ്. മറ്റാരെങ്കിലുമാണെന്നുള്ള ധാരണ ആർക്കും വേണ്ട.....(ബഹളം).....സഭാനടപടിയിൽ അടിയന്തിര പ്രമേയത്തിനു നോട്ടീസ് ഉന്നയിച്ചിട്ട് ബഹുമാനപ്പെട്ട മന്ത്രി ഒരു വിശദീകരണം നൽകി. അദ്ദേഹം വിശദീകരണം നൽകിയത് ഒരു നല്ല സമീപനത്തോടുകൂടിയുള്ള വിശദീകരണമാണ്. അദ്ദേഹം അടിയന്തിരപ്രമേയത്തിന് മറുപടി പറഞ്ഞില്ല. അദ്ദേഹത്തിന്റെ മറുപടി ഉൾപ്പെടെ സഭയുടെ വികാരം അറിയുന്നതിനുവേണ്ടി ഒരവസരമുണ്ടാക്കണമെന്ന നല്ല സമീപനം അദ്ദേഹം സ്വീകരിച്ചു.....(ബഹളം).....

ശ്രീ. ഉമ്മൻചാണ്ടി : നല്ല സമീപനമല്ല....

മി. സ്പീക്കർ : ചെയർ എണീറ്റു സംസാരിക്കുമ്പോൾ ആരായാലും പ്രതികരിക്കാൻ പാടില്ല. വീണ്ടും പറയുകയാണ്. ചെയർ എണീറ്റുനിന്നു സംസാരിക്കുമ്പോൾ പ്രതികരിക്കാൻ പാടില്ല. ആരായാലും പാടില്ല. അദ്ദേഹം പറഞ്ഞു. ആ വിഷയം തീരുമാനിക്കേണ്ടതാണ്..... (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : ശ്രീ. പി.സി. ജോർജ്ജിന് എന്തും ആകാമോ ?

മി. സ്പീക്കർ : ശ്രീ. പി.സി. ജോർജ്ജിനും ആർക്കും പാടില്ല. ആ വിഷയം തീരുമാനിക്കേണ്ടത് ചെയർ ആണ്. ചെയർ സഭയുടെ കൺസെൻസസ് ചോദിച്ചിട്ടാണ്, തീരുമാനിക്കണമെന്ന് അദ്ദേഹമൊരു അഭിപ്രായം പറഞ്ഞപ്പോൾ അതു കേട്ടുകൊണ്ട് ചെയർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ചു. 'അങ്ങ് ഇതിനോട് യോജിക്കുന്നുണ്ടോ' എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇതിനോട് യോജിക്കുന്നു എന്നാണ്. പിന്നീട് ചെയറിന് അറിയേണ്ടത് പ്രതിപക്ഷനേതാവിന്റെ അഭിപ്രായമാണ്. അദ്ദേഹത്തെ വിളിച്ചു. അദ്ദേഹം പ്രസംഗം തുടങ്ങിയപ്പോൾ ഒച്ചപ്പാടായി. ഒരിക്കലും ഇത് അനുവദിക്കുന്ന പ്രശ്നമില്ല. ചെയർ വീണ്ടും ആവർത്തിക്കുന്നു. ചെയർ സംസാരിക്കുമ്പോൾ ഒരിക്കലും പ്രതികരിക്കാൻ പാടില്ല. എണീറ്റുനിന്നു സംസാരിക്കുമ്പോൾ പ്രതികരിക്കാൻ പാടില്ല. ഇനി പ്രതികരിച്ചാൽ ആ അംഗത്തിന്റെ പേര് ഇവിടെ മെൻഷൻ ചെയ്യും. ഇരിക്കുമ്പോൾ എന്തുമാകാം. അത്രയെങ്കിലും മാന്യത കാണിക്കണം. പ്രതിപക്ഷനേതാവ് സംസാരിച്ചു തുടങ്ങിയപ്പോഴാണ് ബഹളം ഉണ്ടായത്. അതുകൊണ്ട് അദ്ദേഹത്തിന് പറയാനുള്ളതെല്ലാം പറയട്ടെ. പറഞ്ഞുകഴിഞ്ഞ ശേഷം നമുക്കു പ്രതികരിക്കാം. അതിനുള്ള അവസരം തരാം. അതിനിടയ്ക്ക് യാതൊരു ഒച്ചപ്പാടും ഉണ്ടാക്കാൻ പാടില്ല എന്ന് അസന്ദിഗ്ദ്ധമായി പറയാൻ ആഗ്രഹിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, അങ്ങു പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഇങ്ങനെയൊരു സംഭവം ഈ സഭയിലുണ്ടായതിൽ എനിക്കു ഖേദമുണ്ട്. ഞാനൊരു കാര്യം പറയട്ടെ, ഈ സഭ ചില കാര്യങ്ങളിൽ ഇൻഡ്യയിലെ മറ്റു നിയമനിർമ്മാണസഭകളേക്കാൾ ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്. കഴിഞ്ഞ അഞ്ചു ദിവസമായി സ്പീക്കറുടെ റൂളിംഗിനെ അംഗീകരിക്കാതെ പ്രതിപക്ഷങ്ങൾ ലോക്സഭയുടെ പ്രവർത്തനം സ്തംഭിപ്പിച്ചിരിക്കുകയാണ്. മറ്റു സംസ്ഥാന നിയമസഭകളിലും ഇതൊക്കെ നടക്കുകയാണ്. ഏറ്റവുമുയർന്ന നിലയിൽ ഈ സഭ നടത്തിക്കൊണ്ടുപോകാൻ പ്രതിപക്ഷം കാണിക്കുന്ന സംയമനം കൊണ്ടാണ് സാധിക്കുന്നത്. 'വാട്ടർ' സിനിമ ഷൂട്ടിംഗ് നടത്താൻ സമ്മതിക്കാത്തതിന്റെ പേരിൽ അവിഷ്കാര സ്വാതന്ത്ര്യത്തിനുവേണ്ടി വാചാലമായി ഇവിടെ സംസാരിച്ചവരാണ്. അങ്ങയുടെ അനുവാദത്തോടുകൂടി സംസാരിക്കാൻ എണീറ്റപ്പോൾ, ഈ ഗവൺമെന്റിന് ഹിതകരമല്ലാത്ത ഒരു വാക്ക്-ഒരു പദപ്രയോഗം-വന്നയുടൻ, ചാവേർപ്പടയെ പോലെ ചാടിയെണീറ്റു. ഇതെന്താണ് സർ ? ഇതു ജനാധിപത്യ സംസ്കാരമാണോ ? ഇതെന്തു ജനാധിപത്യ സംസ്കാരമാണ്..... (ബഹളം)..... ഞാൻ വളരെ ഗൗരവത്തോടുകൂടി ഈ സഭയിൽ പറയാൻ ആഗ്രഹിക്കുകയാണ് : മസിൽപവർ അസംബ്ളിയിൽ ഉപയോഗിക്കാൻ ഞങ്ങൾ അനുവദിക്കില്ല. തീർച്ചയാണ്. അങ്ങനെയാണ് പുറപ്പാടെങ്കിൽ ഞങ്ങൾ എന്തു വിലകൊടുത്തും അതിനെ ഫെയ്സ് ചെയ്യുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റിനുപറ്റിയ ഒരു വീഴ്ചയാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്. രണ്ടുദിവസം മുൻപ് ശ്രീ. ടി. ശിവദാസമേനോൻ റെയിൽവേ ബഡ്ജറ്റുമായി ബന്ധപ്പെട്ട ഒരു റൂൾ 300 ഇവിടെ ഉന്നയിച്ചു. ഞങ്ങൾ തമ്മിൽ അതേക്കുറിച്ച് നേരത്തേ ടെലഫോണിൽ സംസാരിച്ചതാണ്. ഞാനും സമ്മതിച്ചതാണ്. പക്ഷേ, അന്ന് ഈ സഭയുടെ പൊതുവികാരമെന്തായിരുന്നു ? ഇതുപോലുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങൾ അംഗങ്ങൾക്കുകൂടി ചർച്ച ചെയ്യാൻ അവസരം നൽകേണ്ട ഏതെങ്കിലുമൊരു രീതിയിൽ കൊണ്ടുവരാതെ റൂൾ 300 കൊണ്ടുവന്നത് ശരിയല്ലെന്നാണ് ; അങ്ങനെയൊരു ചർച്ച അന്ന് ഈ സഭയിലുണ്ടായി. പക്ഷേ, നേരത്തേ ധനകാര്യ വകുപ്പുമന്ത്രിക്ക് വാക്കുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ആ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുകൊണ്ടുപോകാൻ സമ്മതിച്ചില്ല. വാക്കുപാലിച്ചു. അതുകഴിഞ്ഞ് റെയിൽവേ ബഡ്ജറ്റിനുശേഷം ഈ സംസ്ഥാനത്തെ സാധാരണക്കാരുടെ ജീവിതം തകരാറിലാക്കുന്ന ഒരു പ്രശ്നം വന്നപ്പോൾ മിനിഞ്ഞാന്നുള്ള ചർച്ച അറിയാവുന്ന ഗവൺമെന്റ് ഇന്നും അംഗങ്ങൾക്ക് സംസാരിക്കാനുള്ള സ്വാതന്ത്ര്യം തടസ്സപ്പെടുത്തിക്കൊണ്ട് ഒരു റൂൾ 300 സ്റ്റേറ്റുമെന്റ് കൊണ്ടുവന്നത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള ഒരു വീഴ്ചയായിപ്പോയി! അതും മിനിഞ്ഞാന്നുള്ള സംഭവത്തിനുശേഷം, ഈ സഭയിൽത്തന്നെ രണ്ടു ദിവസം മുമ്പ് റൂൾ 300 കൊണ്ടുവന്നപ്പോൾ അംഗങ്ങൾക്ക് ചർച്ച ചെയ്യാനുള്ള അവസരം തടസ്സപ്പെടുത്തരുത് എന്നൊരു ചർച്ച വന്നതിനുശേഷം, അറിയാവുന്ന ഗവൺമെന്റ് പിന്നെയും റൂൾ 300 കൊണ്ടുവന്നു. അന്ന് ബഹുമാനപ്പെട്ട സ്പീക്കർതന്നെ അതിനെക്കുറിച്ച് പറഞ്ഞതാണ്. ഗവൺമെന്റ് ഇന്നും ഇതിനെക്കുറിച്ച് പ്രതിപക്ഷ അംഗങ്ങൾ ഉൾപ്പെടെയുള്ള സഭയിലെ അംഗങ്ങൾക്ക് സംസാരിക്കാനുള്ള, ചർച്ച ചെയ്യാനുള്ള, അവസരം നിഷേധിച്ചുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള ഒരു അഭിപ്രായം പറയാൻ വേണ്ടിമാത്രമുള്ള റൂൾ 300 കൊണ്ടുവന്നത് ഗവൺമെന്റ് കാണിച്ച ഒരു വീഴ്ചയായിപ്പോയി. അതാണ് ഞാൻ ആദ്യം ചൂണ്ടിക്കാണിച്ചത്. ആ വീഴ്ച സമ്മതിക്കണമെന്ന് ഞാൻ പറഞ്ഞില്ല, സമ്മതിക്കുകയായിരുന്നു മര്യാദ. മന്ത്രി പറഞ്ഞത് ശരിയാണ്, മന്ത്രി പറഞ്ഞകാര്യം നടപ്പാക്കാൻ റൂൾ 300 കൊണ്ടുവന്നു. ഈ പ്രശ്നത്തിന്റെ എല്ലാ ഗൗരവത്തോടുംകൂടി ഏറെക്കുറെ ജനങ്ങളെ മൊത്തം ബാധിക്കുന്ന, കേരളത്തെ നാശത്തിലേക്ക് നയിക്കാൻ പോകുന്ന, ഈ തീരുമാനത്തെക്കുറിച്ച് ഈ സഭയ്ക്കുള്ള പ്രതിഷേധം അറിയിക്കാനുള്ള, നമ്മുടെ സഭയിൽ അനുവദിക്കാവുന്ന ഏറ്റവും ശക്തമായ, നടപടി സ്വീകരിക്കുക: അത് അടിയന്തിരപ്രമേയമാണ്. ആ അടിയന്തിര പ്രമേയത്തിന്റെ ചർച്ചയിൽ ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള എല്ലാ കക്ഷി നേക്കാൻമാർക്കും സംസാരിക്കാം. അതോടുകൂടി സഭയുടെ പൊതുവികാരമായി എല്ലാവരും ചർച്ചയിൽ പങ്കെടുക്കുന്ന, ഈ കേരള നിയമസഭയുടെ ഏറ്റവും ശക്തമായ ആയുധമായ, അടിയന്തിരപ്രമേയം ഉന്നയിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ ഈ നടപടിയിൽ പ്രതിഷേധിക്കുക. അതാണ് സ്വീകാര്യമായ മാർഗ്ഗം. അതിന് ഞങ്ങളുമായി ഗവൺമെന്റ് നേരത്തേ ഒരു ചർച്ചയ്ക്ക് തയ്യാറായിരുന്നുവെങ്കിൽത്തന്നെ നമുക്ക് എത്രയോ പ്രായോഗികമായി സൊല്യൂഷൻ ഉണ്ടാക്കാമായിരുന്നു. അതിനുപകരം ഗവൺമെന്റ് അതി ബുദ്ധികാണിച്ച് പ്രതിപക്ഷത്തിന് സംസാരിക്കാനുള്ള അവസരം നഷ്ടപ്പെടുത്തി; ഈ സഭയിൽ എല്ലാവർക്കും സംസാരിക്കാനുള്ള അവസരം നഷ്ടപ്പെടുത്തി ഇതൊരു വിഭാഗീയ പ്രശ്നമാക്കി ഈ ഗവൺമെന്റ് മാറ്റിയതിന്റെ ഫലമായിട്ടാണ് ഇതുപോലെ നിർഭാഗ്യകരമായ ഒരു സാഹചര്യമുണ്ടായത്. മേലിലെങ്കിലും സംസ്ഥാനത്തെ പൊതുവായി ബാധിക്കുന്ന കാര്യങ്ങളിൽ, നമുക്കെല്ലാവർക്കും യോജിക്കാവുന്ന കാര്യങ്ങളിൽ റൂൾ 300 കൊണ്ടുവന്ന് ഗവൺമെന്റിന്റെ ഒരു സ്റ്റേറ്റ്മെന്റ് കൊടുക്കുന്നതിനുപകരം എല്ലാവർക്കുംകൂടി ചർച്ചയിൽ പങ്കെടുക്കാവുന്ന സാഹചര്യമുണ്ടാക്കണം. ഗവൺമെന്റ് ഇനിയെങ്കിലും ഇതുപോലുള്ള കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്നത്തേത് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ ഗവൺമെന്റ് അടിയന്തിരപ്രമേയത്തിന് ചർച്ച അനുവദിക്കുക, ആ ചർച്ചയിൽ ഈ സഭയിലെ എല്ലാ കക്ഷികളുടേയും നേതാക്കൻമാർക്കും സംസാരിക്കാൻ അവസരമുണ്ടാക്കുക, അതാണ് ഈ പ്രശ്നത്തോട് കാണിക്കാവുന്ന ഒരു നീതി.

മി. സ്പീക്കർ : അടിയന്തിരപ്രമേയം ഇവിടെ വന്നല്ലോ. അതുസംബന്ധിച്ച് അദ്ദേഹം പറഞ്ഞ ഒരു മാർഗ്ഗമാണ് റൂൾ 130 അനുസരിച്ച് എല്ലാവർക്കും ചർച്ച ചെയ്യാനുള്ള അവസരം നൽകാൻ എന്തുകൊണ്ട് അതനുവദിച്ചുകൂടായെന്ന്. ഇതൊരു സാധാരണ നടപടിക്രമമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, അടിയന്തിരപ്രമേയമെന്നു പറഞ്ഞാൽ, സഭ കല്പിക്കുന്ന ഏറ്റവും വലിയ ഗൗരവത്തോടെ സഭാനടപടികൾ നിർത്തിവച്ചുകൊണ്ട് ഈ കേരളത്തിന്റെ പ്രശ്നം ഭരണകക്ഷി പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ ഈ സഭ ഒന്നടങ്കം ചർച്ച ചെയ്യണം. ഇതിനെ ഏറ്റവും വലിയ പ്രശ്നമായി ഇന്ന് ഈ സഭ കാണുന്നു. അതാണ് ഇതിന്റെ ഗൗരവം. അതിന് അടിയന്തിരപ്രമേയം കൊണ്ടുവന്നു.....(ബഹളം).....

മി. സ്പീക്കർ : ഞാൻ വീണ്ടും ആവർത്തിക്കുന്നു. ആ വിഷയംതന്നെ മാറ്റിവച്ചുകൊണ്ടല്ല, ഇവിടെ മുൻപ് ചർച്ച ചെയ്ത ചില പ്രസിഡന്റ്സ് ഉണ്ട്. അടിയന്തിരപ്രമേയത്തിന്റെ വിഷയം ഒരു ധാരണയിലെത്തിയിട്ട് മറ്റൊരു സമയം 130 ആയി ചർച്ച ചെയ്തിട്ടുള്ള അനുഭവങ്ങളുണ്ട്. ഇതിപ്പോൾ ഈ സമയത്തുതന്നെ മാറ്റിവച്ചുകൊണ്ടല്ല ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് 130 ആയിട്ട് ആ വിഷയം ചർച്ച ചെയ്യാമെന്നാണ് അദ്ദേഹം പറയുന്നത്. ഞാൻ പറയുന്നത് മനസ്സിലായല്ലോ.....(ബഹളം).....

ശ്രീ. എ. കെ. ആന്റണി: അതു ഞങ്ങൾ കേട്ടു. പക്ഷേ, ഇതിന്റെ ഗൗരവം ബോധ്യപ്പെടണമെങ്കിൽ ഇത് അടിയന്തിരപ്രമേയമായിത്തന്നെ ചർച്ച ചെയ്യണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, രണ്ടു ഭാഗത്തേതും മാറ്റിവച്ചിട്ട് സ്പീക്കർ പറഞ്ഞതുപോലെ റൂൾ 130 അനുസരിച്ച് എടുക്കാമല്ലോ. അവർക്കും നിർബന്ധമാണ്, ഇപ്പുറത്തും നിർബന്ധമാണ്, ഒരു നിർബന്ധവും വേണ്ട. റൂൾ 130 അനുസരിച്ച് എടുക്കാമല്ലോ ? അത് ഇതിൽ പറഞ്ഞിട്ടുണ്ട്. "Save in so far as is otherwise provided by the constitution or by these Rules, no discussion of a matter of general public interest shall take place except on a motion made with the consent of the Speaker" .....(ബഹളം).....

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട സ്പീക്കർ ഇതിനോടകം തന്നെ റൂളിംഗ് നൽകി, റൂൾ 50 അനുസരിച്ചുള്ള നോട്ടീസ് അനുവദിച്ചു. ഇനി അതിൽനിന്നും പുറകോട്ട് പോയിട്ട് ഒരു ചർച്ചയുണ്ടോ ? ആ റൂളിംഗ് ആദ്യം മുഖ്യമന്ത്രി അംഗീകരിക്കുകയും ചെയ്തു.....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ് : സർ, ഇതിൽ സ്പീക്കറുടെ റൂളിംഗ് ഉണ്ടായല്ലോ, റൂൾ 50-ഉം റൂൾ 300-ഉം കൂടി എങ്ങനെ കൈകാര്യം ചെയ്യണമെന്ന് സ്പീക്കർ ആദ്യം പറഞ്ഞു. സ്പീക്കർ പറഞ്ഞുകഴിഞ്ഞിട്ട് പിന്നെ അതിൻമേൽ ഒരു പുറകോട്ടുപോക്ക് ആവശ്യമുണ്ടോ ?..... (ബഹളം).....

ശ്രീ. കെ. എം. മാണി : സർ, ഇതിൻമേൽ രമ്യമായ ഒരു തീരുമാനമെടുത്തു ; ആദ്യം ഒരു റൂളിംഗ് നൽകി, ആ റൂളിംഗ് മുഖ്യമന്ത്രി അംഗീകരിച്ചു, എന്നിട്ട് ആ റൂളിംഗിൽ നിന്നും പുറകോട്ടു പോകേണ്ട കാര്യമില്ല.....(ബഹളം).....

ഭക്ഷ്യ-വിനോദസഞ്ചാര-തിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സംസാരിച്ചു. ഇതിനകത്ത് ദുരുദ്ദേശപരമായിട്ടോ ചർച്ച ചെയ്തോ ഒന്നുമില്ല. ഞാനിന്നലെ കൊണ്ടുവന്ന് അങ്ങേയ്ക്ക് ഇത് എഴുതി തന്നപ്പോൾ തന്നെ പറഞ്ഞു, ഏതെങ്കിലും രീതിയിൽ റൂൾ 300 എഴുതിക്കൊടുത്തുവെന്നേയുള്ളൂ. ഞാൻ ഒരു റൂളിലും stick on ചെയ്യുന്നില്ല.....(ബഹളം).....ഞാൻ പറയുന്നത് കേൾക്കൂ. ഇതിന്റെ ഉദ്ദേശം, ഇത് വളരെ ഗൗരവത്തോടെ കേരളത്തെ ബാധിക്കുന്ന ഒരു പ്രശ്നമായതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ പ്രതികരിക്കണം. രണ്ടാമത് എല്ലാവരും ഒരു അഭിപ്രായം പറഞ്ഞിട്ട്, ഒരു ഡിബേറ്റിന്റെ പ്രശ്നമല്ല ഉദ്ദേശിക്കുന്നത്, എല്ലാ നേതാക്കൻമാരും ഒരു അഭിപ്രായം പറഞ്ഞിട്ട് കഴിയുമെങ്കിൽ ഒരു substantive motion-ൽകൂടി കൊണ്ടുപോകണമെന്നാണ് ഉദ്ദേശം. അതിന് ഏതു റൂളിംഗിനും ചട്ടത്തിനും, സ്പീക്കർക്ക് യുക്തമെന്നു തോന്നുന്നത് ചെയ്യുന്നതിൽ, വിരോധമില്ല. If I stick on to the Rules ഇത് maintainable അല്ല.....(ബഹളം)..... ഇതിന്റെ സാങ്കേതികത്വം പറയാത്തത് ഇതു സാങ്കേതികമായി നിൽക്കേണ്ട കാര്യമല്ലാത്തതുകൊണ്ടാണ്.

10 AM.] ഈ അടിയന്തിരപ്രമേയം സാങ്കേതികമായി ശരിയല്ല. റൂൾസ് അനുസരിച്ചുള്ള അടിയന്തിരപ്രമേയവും 300-ഉം വന്നാൽ അടിയന്തിര പ്രമേയത്തിന് പ്രാധാന്യമുണ്ടെന്നാണ് അദ്ദേഹത്തിന്റെ റൂളിംഗ്.....(ബഹളം).....അങ്ങു വികാരഭരിതനാകാതെ ഞാൻ പറയുന്നത് ശ്രദ്ധിക്കണം. റൂൾ 50 അനുസരിച്ചുള്ള ഒരു അഡ്മിസിബിൾ പ്രമേയവും റൂൾ 300 അനുസരിച്ചുള്ള പ്രസ്താവനയും വന്നാൽ റൂൾ 50 അനുസരിച്ചുള്ള പ്രമേയത്തിന് പ്രിഫറൻസ് കൊടുക്കും : ഇതല്ലേ അങ്ങയുടെ റൂളിംഗ് ? ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുന്നു. എന്നാൽ റൂൾ 50 അനുസരിച്ച് ഒരു പ്രോപ്പർ നോട്ടീസ് ഇവിടെ ഇല്ലെന്നാണ്-ഞാൻ അതാണ് പറഞ്ഞത്. റൂൾ 51 അനുസരിച്ചാണെങ്കിൽ.....

മി. സ്പീക്കർ : ഇവിടത്തെ കീഴ്വഴക്കം അങ്ങനെയല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കീഴ്വഴക്കം റൂളിനെ ബാധിക്കില്ല. നിയമത്തെ അതിലംഘിക്കാൻ ഒരു കീഴ്വഴക്കത്തിനും സാധിക്കില്ല. ഞാൻ അതിൽ നിൽക്കുന്നില്ലെന്നാണ് പറഞ്ഞത്. ഞാൻ പറയുന്നത്, ആ ചട്ടവട്ടങ്ങളുടെ തലനാരിഴ കീറുന്ന വാദപ്രതിവാദത്തിന് ഞാനില്ല. ഞാൻ പറഞ്ഞത്, ഏതു തരത്തിലായാലും അങ്ങേയ്ക്കു തീരുമാനിക്കാവുന്നതാണ്. ഇവിടെ ഒരു അഭിപ്രായസമന്വയം ഉണ്ടാക്കിയിട്ട്.....(ബഹളം).....ടെക്നിക്കാലിറ്റീസൊന്നും നോക്കണ്ട. എല്ലാവരും ഒരു അഭിപ്രായം പറഞ്ഞു. ഒരു പ്രമേയം ഉണ്ടാക്കുന്നതിൽ എന്തു മാർഗ്ഗം അങ്ങു നിർദ്ദേശിക്കുന്നുവോ അതെനിക്കു സ്വീകാര്യമാണ്.

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ എന്താണ് ?

ശ്രീ. കെ. എം. മാണി : ഈ വിഷയത്തെ സംബന്ധിച്ചു രമ്യമായ ഒരു തീരുമാനം കൈക്കൊണ്ടതിൽ ഞാൻ ബഹുമാനപ്പെട്ട ചെയറിനെ അഭിനന്ദിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുന്ന, ഗുരുതരമായിട്ടുള്ള.....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർ ഒരു നിർദ്ദേശം വച്ചു. ആ നിർദ്ദേശം സഭാനേതാവ് അംഗീകരിച്ചു. അതിന്റെയടിസ്ഥാനത്തിൽ അങ്ങ് റൂൾ 50 അനുവദിച്ചു, മിനിസ്റ്ററെ സ്റ്റേറ്റുമെന്റു വയ്ക്കാൻ വിളിച്ചു. മിനിസ്റ്റർ സ്റ്റേറ്റുമെന്റ് വയ്ക്കുന്ന സന്ദർഭത്തിലാണ് ഈ റൂളിംഗിനെ ചോദ്യം ചെയ്തു മറ്റൊരു കാര്യം പറഞ്ഞത്. റൂൾ 50 അനുവദിച്ചതാണ്. റൂൾ 50 അനുവദിച്ചതിനു ശേഷമാണല്ലോ സ്റ്റേറ്റുമെന്റ് വയ്ക്കേണ്ട മിനിസ്റ്റർ ആ സ്റ്റേറ്റുമെന്റ് വയ്ക്കാതെ മാറി നിൽക്കുന്നത്. അത് ഓർഡറിലാണോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ അങ്ങയുടെ റൂളിംഗിനെ ഏതെങ്കിലും തരത്തിൽ ധിക്കരിച്ചിട്ടുണ്ടെങ്കിൽ അതു പറയണം.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ ബുക്കു കൈയിലെടുത്ത് അതു കോട്ടു ചെയ്തുകൊണ്ട് പറഞ്ഞു, റൂൾ 50 തീരുമാനിക്കേണ്ടത് സ്പീക്കറാണെന്ന്., റൂൾ 300 തീരുമാനിക്കേണ്ടത് സ്പീക്കറാണെന്ന്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇതു രണ്ടും അംഗീകരിക്കാം. രണ്ടും ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചു. അപ്പോൾ സഭാ നേതാവിന്റെ സമ്മതത്തോടു കൂടിയാണ് അങ്ങ് മന്ത്രിയെ അനുവദിച്ചത്, റൂൾ 50 അംഗീകരിച്ചത്. സഭാനേതാവ് ആണെങ്കിൽ, സഭാനേതാവ് സാധാരണയിൽ നിന്നു വ്യത്യസ്തമായി റൂൾ ബുക്ക് കോട്ടു ചെയ്തുകൊണ്ടാണ് അങ്ങേയ്ക്കു രണ്ടും അനുവദിക്കാമെന്നു സ്ഥാപിച്ചത്. ബഹുമാനപ്പെട്ട സഭാനേതാവിന്റെ നിർദ്ദേശമാണ്; അത് അങ്ങ് അംഗീകരിച്ചു. റൂൾ 50 അംഗീകരിച്ചതിനുശേഷം മിനിസ്റ്റർ ക്ഷണിച്ചതാണ്. ഇങ്ങനെ നിൽക്കുന്ന ഘട്ടത്തിൽ ഇനി നമുക്ക് അതനുസരിച്ചു മുന്നോട്ടു പോകാം. പിന്നെന്തിനാണ് ഈ സാങ്കേതികത്വം പറയുന്നത് ?

മി. സ്പീക്കർ : ഇവിടെ നടന്ന ഡിബേറ്റിനെ സംബന്ധിച്ചൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ചെയറിന്റെ റൂളിംഗിനെ സംബന്ധിച്ച് ഒരു വിവാദത്തിന്റെയും ആവശ്യമില്ല, അതു നിലനിൽക്കുന്നതുമല്ല, എന്ന് ആദ്യമേ പറയാൻ ആഗ്രഹിക്കുകയാണ്. റൂൾ 50 മെൻഷൻ ചെയ്തുകൊണ്ട് സ്റ്റേറ്റുമെന്റ് നടത്തിയതാണ്. വീണ്ടും മന്ത്രിയെ വിളിച്ചപ്പോഴാണ് അദ്ദേഹം ഇങ്ങനെയൊരു നിർദ്ദേശം ഇവിടെ വച്ചത്. ഈ സഭയിൽ ഇത് ആദ്യത്തേ തല്ല. സഭയിൽ വളരെ പ്രധാനപ്പെട്ട ചില വിഷയങ്ങളെ സംബന്ധിച്ച് അടിയന്തിര പ്രമേയം വന്നപ്പോൾ അതു മെൻഷൻ ചെയ്യുന്ന സമയത്ത് ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് അതു കൈകാര്യം ചെയ്യുന്ന രീതിയെ സംബന്ധിച്ച് നിർദ്ദേശം വരികയും തീരുമാനങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. അന്നതു വന്നിട്ടുള്ളത് എങ്ങനെയെന്നാൽ അടിയന്തിരപ്രമേയ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് റൂൾ 130 ആയി ചർച്ച ചെയ്ത കീഴ്വഴക്കങ്ങളാണ് സഭയിൽ ഏറ്റവും ഒടുവിൽ ഉണ്ടായിട്ടുള്ളത്. രണ്ടു രൂപത്തിലാണ് അതു കൈകാര്യം ചെയ്തിട്ടുള്ളത്. സർക്കാരിന്റെ ഭാഗത്തു നിന്നു പറയുമ്പോൾ ഒരു ധാരണയോടുകൂടിയാണ് ഈ 130 എടുക്കുക. ധാരണയില്ലാതെ പറ്റില്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ധാരണയുണ്ടെങ്കിൽ മാത്രമേ 130-ന്റെ പ്രശ്നം വരുന്നുള്ളൂ. അല്ലെങ്കിൽ ഭരണപക്ഷത്തിനു ഭരണപക്ഷത്തിന്റെ വഴി, പ്രതിപക്ഷത്തിനു പ്രതിപക്ഷത്തിന്റെ വഴി. അതിനെ സംബന്ധിച്ച് ഇവിടെ കീഴ്വഴക്കമുണ്ട്. ശ്രീ. വർക്കല രാധാകൃഷ്ണന്റെയും പി.പി. തങ്കച്ചന്റെയും കാലത്തുള്ള കീഴ്വഴക്കം ചൂണ്ടിക്കാണിക്കാം. ആ കീഴ്വഴക്കമെന്നു പറയുന്നത് ഞാൻ പരിശോധിച്ചപ്പോൾ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത് ആ ദിവസം തന്നെ എടുത്തു എന്നതാണ്. പക്ഷേ, ആ ബിസിനസ്സിന്റെ അവസാനമാണ് എടുത്തത്. ഈ പ്രശ്നം വളരെ വലിയ പ്രാധാന്യമുള്ളതാണ്. അതിന്റെ പ്രാധാന്യം പരിഗണിച്ചുകൊണ്ടുതന്നെ കഴിഞ്ഞ കാലത്ത് ചെയ്തതുപോലെ ഈ ബിസിനസ്സിന്റെ അവസാനമാക്കേണ്ടതില്ല, ആദ്യമാക്കാം. ഉടൻ തന്നെ അതിനുള്ള നടപടിയെന്താണെന്നു നോക്കാം. അതെങ്ങനെ ആരംഭിക്കാമെന്നു നോക്കാം. സഭ മറ്റു ബിസിനസ്സുകളിലേക്കു കടക്കുന്നതിനുമുൻപു തന്നെ റൂൾ 130 എന്ന നിലയിൽ ഈ വിഷയം പരിഗണിക്കാം. അതാണ് ചെയറിന് ഇതു സംബന്ധിച്ചുള്ള ധാരണ. റൂൾ 50-യുടെ അടിസ്ഥാനത്തിലാണ്.....(ബഹളം).....റൂൾ 50 വന്നതുകൊണ്ടാണല്ലോ ഈ പ്രശ്നമുണ്ടായത്.....(ബഹളം).....അനുവദിച്ച കാര്യം കഴിഞ്ഞു. അദ്ദേഹം ഒരു അഭിപ്രായം പറഞ്ഞു. മുഖ്യമന്ത്രിയോടും പ്രതിപക്ഷനേതാവിനോടും ചോദിച്ചിട്ട് 130 എടുക്കാമെങ്കിൽ, അതിനുള്ള സമയമാണ് ചെയറിനു നിശ്ചയിക്കേണ്ടത്. ആ സമയം ചെയർ പറയുന്നു. ചെയറിന്റെ ഡിസ്ക്രീഷൻ അനുസരിച്ച് പറയുന്ന, ആ സമയം ഈ ബിസിനസ്സിന്റെ അവസാനം വേണ്ട, ആദ്യമാകാം. അതാണ് ചെയറിന് ചെയ്യാൻ കഴിയുന്ന ഏറ്റവും അനുകൂലമായിട്ടുള്ള നിലപാട്. ഇത് ഈ സഭയിൽ മുൻപൊരിക്കലും ഉണ്ടായിട്ടില്ല. ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള ഒരു സമീപനമുണ്ടായിട്ടുള്ളത്. ഭരണപക്ഷത്തു നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ യോജിച്ചതുകൊണ്ടാണ്. ആ രൂപത്തിൽ എടുക്കുന്നതു കൊണ്ട് കുഴപ്പമില്ല. അങ്ങനെയാണെങ്കിൽ അതാരംഭിക്കാം. ഇനി ചർച്ചയൊന്നും ഇല്ല. അല്ലെങ്കിൽ അടിയന്തിരപ്രമേയത്തിന്റെ വഴിക്കു പോകാം. യോജിക്കുന്നുണ്ടെങ്കിൽ അങ്ങനെയാകാം. ഒരു ചർച്ച വേണ്ട. ചർച്ചയുടെ കാര്യമില്ല. ചെയർ വളരെ ക്ളിയറായിട്ടു പറഞ്ഞു, നിങ്ങൾ യോജിക്കുന്നുണ്ടോ ഇല്ലയോ ?

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തോടുള്ള ബഹുമാനക്കുറവല്ല. ഈ പ്രശ്നത്തിന്റെ എല്ലാ ഗൗരവവും വരണമെങ്കിൽ സഭാനടപടികൾ നിർത്തി വച്ച് അടിയന്തിരപ്രമേയമായി ചർച്ച ചെയ്യണമെന്നാണ് പ്രതിപക്ഷത്തിന്റെ ആവശ്യം.

മി. സ്പീക്കർ : അങ്ങനെ ആകാം. ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിയെ ക്ഷണിക്കുന്നു.

ഭക്ഷ്യവിനോദ-സഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, എങ്ങനെ ചർച്ച ചെയ്യാനും എനിക്ക് വിരോധമില്ല.....(ബഹളം).....ഞാൻ പറഞ്ഞത് എങ്ങനെ ചർച്ച ചെയ്യുന്നതിനും എനിക്ക് വിരോധമില്ലെന്നാണ്. അടിയന്തിരപ്രമേയമായിട്ടോ അല്ലാതേയോ ചർച്ച ചെയ്യുന്നതിന് എനിക്ക് വിരോധമില്ല. എനിക്ക് പറയാനുള്ളത് ഈ വികാര പ്രകടനങ്ങൾ നടത്തുമ്പോൾ അടിയന്തിരപ്രമേയത്തിന് ചില റെസ്ട്രിക്ഷൻസുണ്ട്. ആ റെസ്ട്രിക്ഷനില്ലാതെ കുറെക്കൂടി വളരെ വിപുലമായ രീതിയിൽ ചർച്ച ചെയ്യണമെന്നുള്ളതാണ് ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഏതുരീതിയിലായാലും അടിയന്തിരപ്രമേയമായി അങ്ങ് അനുവദിക്കുകയാണെങ്കിൽ അടിയന്തിര പ്രമേയമായിട്ടുപോലും ചർച്ച ചെയ്യുന്നതിൽ ഞാൻ എതിരല്ല എന്നാണ് ഞാൻ പറഞ്ഞത്. ഇത് ആവശ്യമില്ലാത്ത വികാരപ്രകടനമാണ്. ഇതിന്റെ ഇഷ്യൂ സംബന്ധിച്ച്, എന്നുവച്ചാൽ ഈ പ്രശ്നത്തിലിരിക്കുന്ന കാര്യത്തെക്കുറിച്ച്, നമ്മൾക്ക് തമ്മിൽ അഭിപ്രായവ്യത്യാസം കാണുകയില്ല. സർ, ഫെബ്രുവരി 29-ാം തീയതി കേന്ദ്രധന കാര്യ വകുപ്പുമന്ത്രി പാർലമെന്റിൽ നടത്തിയ ബജ്ഡറ്റ് പ്രസംഗത്തിൽ പൊതുവിതരണ സമ്പ്രദായത്തെ ബാധിക്കുന്ന താഴെപ്പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ഉൾക്കൊള്ളുന്നു.

(1) ദാരിദ്ര്യരേഖയ്ക്കു താഴെവരുന്ന കുടുംബങ്ങൾക്ക് നൽകുന്ന അരിയുടെ വില എക്കണോമിക് കോസ്റ്റിന്റെ 50 ശതമാനമായി വർദ്ധിപ്പിക്കും. ഇതിന്റെ അർത്ഥം കിലോക്ക് നാല് രൂപ എന്നുള്ള ഇപ്പോഴത്തെ വില ആറ് രൂപ നാല്പത് പൈസയായി ഉയരും.

(2) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് പകുതി വിലയ്ക്ക് നൽകുന്ന പത്ത് കിലോ അരി 20 കിലോ ആയി വർദ്ധിപ്പിക്കും.

(3) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് നൽകുന്ന അരിയുടെ വില എക്കണോമിക് കോസ്റ്റിന് തുല്യമാക്കും. അതിന്റെ അർത്ഥം 9 രൂപ 60 പൈസയെന്നത് 12 രൂപ 40 പൈസയാകും.

(4) ആദായനികുതി നൽകുന്ന ആളിന്റെ കുടുംബത്തിനു റേഷൻ പഞ്ചസാര നൽകുന്നത് നിർത്തലാക്കും.

(5) പഞ്ചസാര വില 13 രൂപയായി വർദ്ധിപ്പിക്കും. ഈ വില വർദ്ധനവ് കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ വല്ലാത്ത പ്രതിസന്ധിയിലാക്കിയിരിക്കുന്നു. കാരണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി കേന്ദ്രം ഇപ്പോൾ നൽകുന്നത് (ജനസംഖ്യയുടെ 25 ശതമാനമെന്നു കണക്കാക്കി) 15,350 ടൺ അരിയാണ്. തദ്ദേശസ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളെ ഉപയോഗിച്ചാണ് ഇതിന്റെ കണക്കെടുക്കണമെന്ന് പറഞ്ഞത്. അങ്ങനെ പഞ്ചായത്തുകൾ തന്ന കണക്കനുസരിച്ച് 42 ശതമാനമായി. അങ്ങനെ 25 കഴിഞ്ഞ് ബാക്കി 17 ശതമാനത്തിനുള്ള പഴയ നാല് രൂപയ്ക്കു കൊടുക്കുന്നതിന്റെ സബ്സിഡി, സംസ്ഥാന ഗവൺമെന്റ് ഇതുവരെ വഹിച്ചുകൊണ്ടിരുന്നു. ഇന്നിപ്പോൾ ഈ പുതുക്കിയ രീതിയിൽ 2ഃകിലോവച്ച് ആകുമ്പോൾ നമുക്ക് ആകെ കിട്ടുന്ന subsidised അരി 30,000 ടണ്ണിനടുത്തായിരിക്കും. ആ 30,000 ടൺ അരിയുടെ കൂടെ ബാക്കി 17 ശതമാനം പേർക്കുകൂടി കൊടുക്കണമെങ്കിൽ നമ്മുടെ ആ നിലയിലുള്ള സബ്സിഡി തുക 72 കോടി രൂപയായി വർദ്ധിക്കും. ദാരിദ്ര്യരേഖയ്ക്ക് മുകളിൽ വരുന്ന കുടുംബങ്ങൾക്ക് ഒരു കിലോ അരിക്ക് 12 രൂപ 40 പൈസ വേണ്ടിവരും. ഈ 12 രൂപ 40 പൈസയ്ക്ക് ഫുഡ് കോർപ്പറേഷന്റെ അരി റേഷൻ കടകളിൽക്കൂടി വില്പനയ്ക്ക് പോകുകയില്ല. ഫലത്തിൽ വരുന്നതെന്താണെന്നുവച്ചാൽ നമ്മുടെ നാട്ടിലേക്കു റേഷൻ അരിയെന്നുപറഞ്ഞ് വരുന്നത് 'ഒരുലക്ഷത്തി മുപ്പത്തിഅയ്യായിരം' ടണ്ണും പിന്നെ 'മുപ്പത്തിയെണ്ണായിരം ടൺ' പീറ്റുമൊക്കെ പോയിട്ട് 30,000 ടൺ അരിയാണ് പ്രതിമാസം റേഷനായിട്ട് വിതരണം ചെയ്യുന്നത്. ഈ 30,000 ടൺ അരി വിതരണം ചെയ്യാൻ പതിനയ്യായിരത്തോളം റേഷൻ കടകളുണ്ട്. ഈ പതിനയ്യായിരം റേഷൻ കടകളിൽ 30,000 ടൺ ഒരു മാസം വിതരണം ചെയ്യാനാണെങ്കിൽ റേഷൻ കടകൾ വയബിളായിട്ട് നടത്താൻ പറ്റുകയില്ല. റേഷൻകടകൾ തന്നെ സ്തംഭനാവസ്ഥയിലാകും. നമ്മുടെ നാട്ടിൽ വില കൂടുകയും വില കുറയുകയുമൊക്കെ ചെയ്യുന്നെങ്കിൽ പോലും ഫുഡ് സബ്സിഡി എന്നുപറയുന്നത് രണ്ട് തരത്തിലുള്ള സബ്സിഡി ഉണ്ട്. അതിൽ ഒന്ന് Procurement subsidy. കർഷകർക്കു കൊടുക്കുന്ന അധികവിലയാകെ ഫുഡ് സബ്സിഡി ഐറ്റത്തിൽപോകുന്നതിൽ ഏറ്റവും കൂടുതൽ തുകപോകുന്നത് സ്പോർട്ട് പ്രൈസ് ഇനത്തിൽ കൊടുക്കുന്നതാണ്. അതിൽ ഒരു കുറവും വരുത്തിയിട്ടില്ല. എന്നാൽ ഈ കൺസ്യൂമർക്ക് കൊടുക്കുന്നതിലാണ് ഇന്ന് കുറവ് വരുത്തിയത്. ഇത് ഏറ്റവും ബാധിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്ന് കേരളവും പിന്നെ നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റ്സും മാത്രമാണ്. ബാക്കി സംസ്ഥാനങ്ങൾക്കൊന്നും ഇത്ര ഗുരുതരമായി ഇത് ബാധിക്കുകയില്ല. നമ്മെ സംബന്ധിച്ചിടത്തോളം, നമ്മുടെ റിക്വയർമെന്റ് 40 ലക്ഷം ടൺ അരിയാണെങ്കിൽ ഏഴരലക്ഷം ടണ്ണോ പ്രൊഡ്യൂസ് ചെയ്യുന്നുള്ളു. എത്ര ഇന്റർസ്റ്റേറ്റ് മൂവ്മെന്റ് അനുവദിച്ചിരിക്കുന്നുവെന്ന് പറഞ്ഞാലും, കേന്ദ്രഗവൺമെന്റിനുതന്നെ ബോദ്ധ്യമുള്ളതാണ്, പ്രധാനപ്പെട്ട സന്ദർഭങ്ങളിൽ ഇന്റർസ്റ്റേറ്റ് മൂവ്മെന്റ് അനുവദിക്കുന്നില്ല. ഏതായാലും ഇത് ഏപ്രിൽ മാസം ഒന്നുമുതൽ നടപ്പാക്കുമെന്നാണ് പറയുന്നത്. ബഡ്ജറ്റ് ഫൈനലൈസ് ചെയ്യുന്നതിന് മുൻപ് നമ്മുടെ ശക്തമായ പ്രതിഷേധം അറിയിക്കണം. എല്ലാ കക്ഷികളുടേയും ശക്തമായ പ്രതിഷേധം അറിയിക്കണം. റേഷനിംഗ് എന്നുപറയുന്നത് 30, 000 ടണ്ണേയുള്ളു. അതുപോലെതന്നെ പഞ്ചസാരയുടെ കാര്യവും. ഇന്നലെ കേന്ദ്രത്തിലെ ഗവൺമെന്റ് സെക്രട്ടറിയുടെ ഒരു ഇന്റർവ്യൂ സ്റ്റാർ ന്യൂസിലുണ്ടായിരുന്നു. അതിൽ അദ്ദേഹം പറഞ്ഞത് ഇപ്പോൾ ഞങ്ങൾ ഇൻകം ടാക്സുകാരെ ഒഴിവാക്കും ഇനി അടുത്തതായി ടാർജറ്റ് ഗ്രൂപ്പിലേയ്ക്ക് മാത്രമായി റേഷൻ പഞ്ചസാരയാക്കും. മണ്ണെണ്ണയുടെ കാര്യം തൽക്കാലം ഒന്നര മാസത്തേക്ക് വച്ചിരിക്കുന്നതേയുള്ളു. ഈ പൊതുവിതരണ സിസ്റ്റത്തിൽ രണ്ട് ടൺ അരിയും വച്ചുകൊണ്ട് ഒരു കച്ചവടവും നടക്കുകയില്ല. ഈ റേഷൻ കടകൾ മുഴുവൻ അടച്ചിടേണ്ട ഒരു ഗുരുതരമായ സാഹചര്യത്തിലേക്ക് ഇതുവരും. ഇതിൽ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റിന്റെ പ്രശ്നങ്ങളൊന്നുമില്ല. അത് പിന്നെ നമുക്ക് ആലോചിക്കാം. ഏതായാലും കേന്ദ്രഗവൺമെന്റിന്റെ ഈ നയം പുറകോട്ട് കൊണ്ടുപോയി ഈ പൊതു വിതരണ സമ്പ്രദായം നിലനിർത്തുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് പറയുവാനുള്ളത്. അതിന് ഈ സഭയുടെ പൊതുവിലുള്ള അംഗീകാരമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വികാരങ്ങളോട് വാസ്തവത്തിൽ ഈ പ്രതിപക്ഷത്തിന് യോജിപ്പാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനതന്നെ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ വെളിപ്പെടുത്തുന്ന ഒരു കാര്യമാണ്. ഇതിന്റെ ഫലമായി കേരളത്തിലുണ്ടായിരിക്കുന്ന പ്രതിസന്ധിയാണ് പ്രധാനപ്പെട്ട പ്രശ്നം, ഗുരുതരമായിട്ടുള്ള പ്രശ്നം. അതാണ് ഈ സഭയിൽ ചർച്ച ചെയ്യാനുള്ളതും, അതിനുള്ള പരിഹാരത്തെക്കുറിച്ചാണ് ചർച്ച ചെയ്യേണ്ടത്. വാസ്തവത്തിൽ അറുപത്തിയൊന്ന് ലക്ഷം വരുന്ന കാർഡുടമകളുടെമേൽ വൻപിച്ച സാമ്പത്തിക ക്ലേശം വരുത്തിവയ്ക്കുന്ന ഒരു തീരുമാനമാണ് കേന്ദ്രം എടുത്തത്. പൊതുവിതരണ സമ്പ്രദായം ആകെ അട്ടിമറിക്കുകയാണ്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരെ പൂർണ്ണമായും റേഷൻ സബ്സിഡിയിൽ നിന്നും ഒഴിവാക്കും. എക്കോണമിക് പ്രൈസ് നിർണ്ണയത്തിലൂടെ റേഷൻ വില വർദ്ധിപ്പിച്ചു. ഒരു ഓമനപ്പേരാണ് എക്കണോമിക് പ്രൈസ്. അതിലൂടെ റേഷൻ വില വർദ്ധിപ്പിച്ചു. അതുവഴി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽപ്പോലും വലിയ സാമ്പത്തിക ബാദ്ധ്യത വന്നുചേർന്നിരിക്കുകയാണ്. ഇതിന്റെ ഫലമായി കേരളഗവൺമെന്റിന് തന്നെ കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്ന ഒരു സ്ഥിതിവിശേഷം വന്നുചേർന്നിരിക്കുകയാണ്. അതുമാത്രമല്ല ആദായനികുതി കൊടുക്കുന്നവരെ പൂർണ്ണമായും പബ്ലിക്കിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് കണക്കനുസരിച്ച് ഇവിടെ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ 75 ശതമാനമാണ്. അതിന്റെ അർത്ഥം 75 ശതമാനം ജനങ്ങളേയും ഈ സബ്സിഡി നെറ്റിൽ നിന്നും ഒഴിവാക്കുന്നുവെന്നാണ്. നമ്മുടെ ജനസംഖ്യയുടെ 75 ശതമാനത്തേയും ഒഴിവാക്കുമ്പോൾ അതിൽത്തന്നെ വലിയ ഒരു വിഭാഗം സാധാരണക്കാരായ ആളുകൾ ഉണ്ട്. ദാരിദ്ര്യരേഖ എന്നു പറഞ്ഞാൽ ഐ.ആർ.ഡി.പി.യുടെ കണക്കനുസരിച്ച് വാർഷിക വരുമാനം 20,000 രൂപയാണ്. കേന്ദ്ര ഗവൺമെന്റ് കണക്കനുസരിച്ചാണെങ്കിൽ ഒരു ഫാനോ ഒരു ടി.വി.യോ ഉള്ള വീടുകൾ പോലും ഒഴിവാക്കണം. കേന്ദ്രഗവൺമെന്റിന്റെ മാനദണ്ഡം അനുസരിച്ചാണെങ്കിൽ 75% സബ്സിഡി നെറ്റിൽനിന്നും പുറത്തേയ്ക്കു പോകുമ്പോൾ ഒരു തരത്തിൽ പറഞ്ഞാൽ സമൂഹത്തിലെ ചെറുകിടക്കാരായ നിരവധി ആളുകൾക്ക് ഇതിന്റെ ഫലമായി ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നുള്ളത് ഒരു കാര്യം. രണ്ടാമത്തെ കാര്യം, ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവരെല്ലാം സമ്പന്നന്മാരല്ല. ഇപ്പോൾ 9 രൂപ 60 പൈസയാണ് അവർക്ക് കിട്ടുന്ന അരിയുടെ വില. അത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ 12 രൂപയായി വർദ്ധിക്കുമ്പോൾ സംസ്ഥാനത്തെ 75% വരുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് കൂടുതലായി വഹിക്കേണ്ടിവരുന്ന സാമ്പത്തിക ഭാരം എത്രയാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഞാൻ സംസ്ഥാന ഗവൺമെന്റിന്റെ ബാദ്ധ്യതയെപ്പറ്റി പറയുകയുണ്ടായി. ഇവിടെ സംസ്ഥാന ഗവൺമെന്റിന്റെ കണക്കനുസരിച്ച് ഐ.ആർ.ഡി.പി. ഫോർമുല സ്വീകരിക്കുകയാണെങ്കിൽ 42% ആളുകളാണ് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ. അവർക്കെല്ലാം നമുക്ക് സബ്സിഡി കൊടുക്കേണ്ടതായിട്ടുണ്ട്. ഇക്കണോമിക് പ്രൈസിന്റെ 50% ആണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളിൽനിന്നും ഇനി വസൂലാക്കേണ്ടത്. അങ്ങനെ വരുമ്പോൾ സാധാരണക്കാരായ പാവപ്പെട്ട ആളുകൾ കൊടുക്കേണ്ടിവരുന്ന വില എത്രയാണ് ? ഇന്ന് കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള സബ്സിഡി റേറ്റ് അനുസരിച്ച് ഒരു മാസം 10 കിലോഗ്രാം അരി 3 രൂപ 90 പൈസയ്ക്കും 16 കിലോഗ്രാം അരി 8.60 പൈസയ്ക്കും, ബാക്കി അരി 9.60 പൈസയ്ക്കും കിട്ടുകയാണ്. ഈ നിലയിൽ കുറഞ്ഞ വിലയ്ക്കു അരി കൊടുക്കുന്ന സ്ഥാനത്ത് ഇനി വരാൻ പോകുന്നത് ഒരു വലിയ സാമ്പത്തിക ഭാരം. ഒരു കുടുംബത്തിന് ഒരു മാസം 30 കിലോഗ്രാം അരിക്ക് 216 രൂപയാണ് ഇപ്പോൾ കൊടുക്കുന്നതെങ്കിൽ ഒരു കുടുംബത്തിന്റെ സാമ്പത്തിക ബാദ്ധ്യത 250 രൂപയായി ഉയരുമെന്നുള്ളതാണ് ഇതിന്റെ പരിണത ഫലം. സ്റ്റേറ്റിന്റെ നോംസ് അനുസരിച്ച് 42% ആളുകൾ ദാരിദ്ര്യരേഖയ്ക്കു താഴെയുണ്ടെന്നു പറയുമ്പോൾ കേന്ദ്രത്തിന്റെ കണക്കനുസരിച്ച് അത് 25% ആണ്. അപ്പോൾ സംസ്ഥാനം 17% ആളുകൾക്കു കൂടി സബ്സിഡി കൊടുക്കേണ്ടതായി വരുന്നു. കേന്ദ്രഗവൺമെന്റിന്റെ കണക്കനുസരിച്ച് അവർ എബൗവ് പോവർട്ടി ലൈൻ ആണ്. അവർക്ക് റേഷനരി കൊടുക്കണമെങ്കിൽ കൂടുതൽ വില കൊടുക്കണം. കിലോഗ്രാമിന് 12 രൂപ വച്ച് കൊടുക്കണം. അപ്പോൾ 17% ആളുകൾക്കു കൂടി റേഷൻ സബ്സിഡി കൊടുക്കണമെങ്കിൽ കൂടിയ വിലയ്ക്കു അരി വാങ്ങി സബ്സിഡൈസ് ചെയ്ത്കൊടുക്കേണ്ടി വരുന്നുവെന്ന് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് 72 കോടി രൂപ നമ്മൾ അധികമായി കണ്ടെത്തേണ്ടിയിരിക്കുന്നു. ബിലോ പോവർട്ടി ലൈനിലുള്ളവർക്കു മുഴുവൻ സബ്സിഡി തുടരണമെങ്കിൽ 72 കോടി രൂപ നമ്മൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. റേഷൻ സബ്സിഡിക്ക് ബഡ്ജറ്റിൽ ഇപ്പോൾ പ്രതിവർഷം 111 കോടി രൂപയാണ് നീക്കിവയ്ക്കുന്നത്. ഇതിനുവേണ്ടി വലിയൊരു സംഖ്യ ബഡ്ജറ്റിൽ വയ്ക്കേണ്ടതായി വരും. ഇൻകം ടാക്സ് പേയീസിനെ ഒഴിവാക്കുകയെന്നു പറഞ്ഞാൽ ഗവൺമെന്റ് സർവീസിലെ അസിസ്റ്റന്റ്സ്, ലാസ്റ്റ് ഗ്രേഡ് തുടങ്ങി എൻ.ജി.ഒ. മാരിൽ നല്ലൊരു വിഭാഗം ഇൻകംടാക്സ് നെറ്റിൽ ഒഴിവാക്കേണ്ടി വരുന്നവരാണ്. അവർക്കുപോലും ഇനി റേഷൻ പഞ്ചസാര കിട്ടുകയില്ലെന്നുള്ള അവസ്ഥ വന്നുചേരുക എന്നു പറയുന്നത് വളരെ ഖേദകരമായ സ്ഥിതിവിശേഷ മാണ്. കേന്ദ്രഗവൺമെന്റ് അടുത്ത കാലത്ത് 29-1-1999-ലും 15-2-1999-ലും 1-4-1999-ലും റേഷൻ വില വർദ്ധിപ്പിച്ചു. കേന്ദ്രഗവൺമെന്റ് ഇതുപോലെ നിരവധി തവണ റേഷൻ വില ഏകപക്ഷീയമായി വർദ്ധിപ്പിക്കുന്നത് ശരിയല്ല എന്നു പറഞ്ഞ് കേരളനിയമസഭ നമ്മുടെ ഡിസ്പ്ളഷർ രേഖപ്പെടുത്തിയിട്ടുള്ളതാണ്. അതിനുശേഷം ഇപ്പോൾ ഒരു ഇരുട്ടടിപോലെയാണ് കേന്ദ്രഗവൺമെന്റിന്റെ തീരുമാനം കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വന്നിരിക്കുന്നത്. അതുകൊണ്ട് എന്തു വില കൊടുത്തും ഇതിനെ എതിർത്ത് പരാജയപെടുത്തേണ്ടിയിരിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവർക്ക് കൊടുക്കുന്ന അരിയുടെ വില എങ്ങനെ തിരുത്താൻ കഴിയും, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരെ സംബന്ധിച്ചിടത്തോളം അവർക്ക്ഉണ്ടായിട്ടുള്ള സാമ്പത്തിക ഭാരം എങ്ങനെ ലഘൂകരിക്കാൻ കഴിയും തുടങ്ങിയുള്ള കാര്യങ്ങളെ സംബന്ധിച്ച് സഭാനടപടികൾ മുഴുവൻ നിർത്തിവച്ചു കൊണ്ട് ചർച്ച ചെയ്യണം. കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. നമുക്ക് എല്ലാപേർക്കുംകൂടി വേണമെങ്കിൽ ഇക്കാര്യത്തെ സംബന്ധിച്ച് ഒരുമിച്ച് നിൽക്കാം. ഒരുമിച്ചു നിന്നുകൊണ്ട് കേരളത്തിന്റെ അവകാശം പിടിച്ചുവാങ്ങുന്നതിനുവേണ്ടി ശക്തമായ സമ്മർദ്ദം ചെലുത്തി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാൻ നമുക്ക് കഴിയണം. അതിന് സംസ്ഥാന ഗവൺമെന്റിന് ഒരു ഇച്ഛാശക്തി വേണം. ഇത് ഭരണകക്ഷിയുടേയോ പ്രതിപക്ഷത്തിന്റേയോ ഒരു പ്രശ്നമല്ല. ഈ സംസ്ഥാനത്തിന്റെ പ്രശ്നമാണ്. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളെയും ഒരുമിച്ചു നിർത്തി കേരളത്തിന്റെ ശബ്ദം കേന്ദ്രത്തിൽ ചെലുത്തി ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ കഴിയണം.

890/2010.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ക്യാബിനറ്റ് ബ്രീഫിംഗ് കഴിഞ്ഞുള്ള ഇന്റർവ്യൂ ടി.വി.യിൽ കാണുകയുണ്ടായി. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായരും കൂടിയുണ്ട്. കേന്ദ്രം വില വർദ്ധിപ്പിച്ചതിന് നമ്മൾ എന്തുചെയ്യും, ആ ഭാരം നമ്മൾ എങ്ങനെ നികത്തും എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിസ്സഹായനായി പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ഒരു നിസ്സഹായതയും വേണ്ട. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി തിരുത്തുന്നതുവരെ കേരളത്തിലെ ജനങ്ങളെ പട്ടിണിക്ക് ഇടാൻ കഴിയുകയില്ല. നമുക്ക് നിലവിലുള്ള സബ്സിഡി അതേ നിലയിൽ തുടരുന്നതിനുവേണ്ടി എത്ര സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്നാലും, ഏത് നിലയിലും ആ തുക കണ്ടെത്തിക്കൊണ്ട് കേരളത്തിൽ നിലനിൽക്കുന്ന സബ്സിഡി സമ്പ്രദായം യാതൊരു ഭംഗവും വരാതെ തുടർന്ന് നിലനിർത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുകൊണ്ട്, അതു സംബന്ധിച്ചുള്ള തീരുമാനം സഭയിൽ പ്രഖ്യാപിച്ചുകൊണ്ട്, അതേസമയം കേന്ദ്രം എടുത്തിരിക്കുന്ന നടപടികൾ തിരുത്തിക്കുന്നതിനുവേണ്ടി കൂട്ടായ ശ്രമത്തിന് ആരംഭം ഇട്ടുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ഗവൺമെന്റിനു കഴിയണം. ഇത് ഗൗരുതരമായ ഒരു പ്രശ്നമാണ്. ഞങ്ങൾ ഗവൺമെന്റിനെ കുത്താൻ ശ്രമിക്കും എന്നു വിചാരിച്ചിട്ടാണ് അടിയന്തിരപ്രമേയ ചർച്ചയ്ക്ക് ഭരണകക്ഷിക്ക് ആദ്യമേ മനഃപ്രയാസം ഉണ്ടായത്. ഇത് സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം എന്നുള്ള നിലയ്ക്ക് മറ്റ് നടപടികൾ നിർത്തിവച്ചുകൊണ്ട് ചർച്ച ചെയ്ത് കൂട്ടായി പ്രമേയം പാസ്സാക്കണം. പ്രമേയം പാസ്സാക്കിയാൽ മാത്രം പോരാ. നമ്മൾ എത്ര പ്രമേയം പാസ്സാക്കിയിരിക്കുന്നു. പ്രമേയം പാസ്സാക്കി, ഫോളോ-അപ്പ് ആക്ഷൻ നടത്തി കാര്യം സാധിച്ചെടുക്കാൻ അടിയന്തിരമായി ശ്രമിക്കണം. ഇതിനു മുമ്പ് ഞങ്ങൾക്ക് ഉണ്ടായിട്ടുള്ള അനുഭവം, കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയങ്ങൾപോലും അതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അത് നടപ്പിലാക്കിയെടുക്കാൻ ഗവൺമെന്റ് ആത്മാർത്ഥത കാണിച്ചിട്ടില്ല. ഇത് അതുപോലെയാകരുത്. ഈ പ്രശ്നത്തിൽ കൂട്ടായി ചർച്ച നടത്തി, കൂട്ടായി പ്രമേയം പാസ്സാക്കി, ഒരുമിച്ചുനിന്നുകൊണ്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി, കേന്ദ്രത്തിന്റെ ജനവിരുദ്ധ നയത്തെ തിരുത്താൻ കഴിയണം. അതേയവസരത്തിൽ പാവപ്പെട്ടവരെ രക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായ നടപടികൾ കൈക്കൊള്ളണം. അതിനുവേണ്ടി സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, നടപടിക്രമത്തിൽ മാത്രം ഊന്നി പറയുകയല്ല. മറ്റു നേതാക്കന്മാർ കൂടി അഭിപ്രായം പറഞ്ഞാൽ ഒരു ഏകീകൃതമായ ധാരണ പ്രമേയമായിട്ട് വേണ്ട.

ശ്രീ. എ. കെ. ആന്റണി : സർ, അടിയന്തിരപ്രമേയം അനുവദിച്ച് ചർച്ചയാകുമ്പോൾ മറ്റുള്ളവരുടെ അഭിപ്രായമാകാം.

മി. സ്പീക്കർ : ചർച്ച അനുവദിക്കുകയെന്നു പറഞ്ഞാൽ സ്വഭാവം മാറി. ചർച്ച ഇപ്പോഴല്ല അനുവദിക്കുന്നത്. അതിനു സഭ നിർത്തിവയ്ക്കണം, ടൈമുണ്ട്. പ്രത്യേക ലിസ്റ്റ് ഉണ്ടാക്കണം. ഒരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ റീ-ഓപ്പൺ ചെയ്യാൻ ബുദ്ധിമുട്ടാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എല്ലാപേരുടെയും സെന്റിമെന്റ്സ് അനുസരിച്ച് ഒരു പ്രമേയം പാസ്സാക്കണമെന്നാണ് എന്റെ അഭിപ്രായം. അതിനുവേണ്ടി സഭാ നടപടികൾ നിർത്തിവച്ച് സമയം എടുക്കുന്നതിനെക്കാൾ നല്ലത് ഇപ്പോൾ എടുക്കുന്നതായിരുന്നു. യൂനാനിമസ് റെസല്യൂഷന് ഏതു തരത്തിൽ സാദ്ധ്യതയെന്നു വച്ചാൽ അത് ചെയ്യുന്നതിന് ഞാൻ എതിരല്ല. പക്ഷേ, അതിന് ഏത് മാർഗ്ഗമാണ് എന്നതിനെ സംബന്ധിച്ച് എനിക്ക് വ്യക്തതയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ആ വിഷയം ഇവിടെ ചർച്ച ചെയ്തു. അതിന്റെ ഓപ്ഷൻസ് ഉണ്ടായിരുന്നു. അതെല്ലാം പരിശോധിച്ചു. ഇപ്പോൾ തന്നെ ചർച്ച ആരംഭിക്കാം. പ്രമേയം പാസ്സാക്കാം. എന്നൊക്കെ പറഞ്ഞു. ഇനി വീണ്ടും പഴയതിലേക്ക് പോകരുത്.....പ്ലീസ്....

പ്രതിപക്ഷ നേതാവ് (ശ്രീ.എ. കെ. ആന്റണി) : സർ, റൂൾ 55. The motion "that the House do now adjourn" shall be taken up at 12.30 p.m. or at an earlier hour if the Speaker, after considering the state of business in the House, so directs. അപ്പോൾ, 12.30-ന് വേണമെന്ന് നിർബന്ധമില്ല. സ്പീക്കർ സമ്മതിക്കുകയാണെങ്കിൽ ഉടനെയാകാം. ഇതാണ് അതിന്റെ പ്രൊവിഷൻ.

മി. സ്പീക്കർ : ഇവിടെ റൂൾ ഒക്കെ പരിശോധിച്ചുകൊണ്ട് പോകാനൊന്നും കഴിയുകയില്ല. ഇവിടെ തുടർന്നു വരുന്ന നടപടിയനുസരിച്ച് കാര്യങ്ങളിലേക്ക് കടക്കണം..... (ബഹളം)..... അടിയന്തിരപ്രമേയത്തിന്റെ സ്വഭാവത്തിലൊക്കെ എടുക്കുന്നതിന് ചില നടപടിക്രമങ്ങളൊക്കെയുണ്ട്. അതിന് സഭ നിർത്തി വയ്ക്കണം. പ്രസംഗിക്കുന്നതിന് സമയം നിശ്ചയിക്കണം, അതിനുള്ള ലിസ്റ്റ് തയ്യാറാക്കണം. അങ്ങനെ ഒരുപാട് കാര്യങ്ങളൊക്കെയുണ്ട്. പെട്ടെന്ന് പറയാൻ പറ്റുന്നതല്ല. അതിനുവേണ്ടിയാണ് പറഞ്ഞത്. 130 അനുസരിച്ചാണെങ്കിൽ ഉടനെ ആകാമെന്ന്.....(ബഹളം).....

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഇതിൽ കൂടുതൽ മറുപടി പറയേണ്ടതില്ല. ഇത് അടിയന്തിര പ്രമേയം എന്നുള്ള രീതിയിൽ ചർച്ച ചെയ്യേണ്ടതല്ല. ഞാൻ അതുകൊണ്ടാണ് പറഞ്ഞത് 130 അനുസരിച്ച് ചർച്ചചെയ്യാമെന്ന്.

മി. സ്പീക്കർ : ബഹുമാപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയവതരണത്തിനുള്ള അനുമതി നിഷേധിക്കുന്നു.....ഓർഡർ.....ഓർഡർ..... (ബഹളം)

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. എ. കെ. ആന്റണി : റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് ഇവിടെ സമർപ്പിച്ചാൽ റൂൾ ബുക്ക് അനുസരിച്ചാണെങ്കിൽ റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിനെക്കുറിച്ച് ചോദ്യം പോലും പാടില്ല. അതാണ് റൂൾ. Rule Book is very clear. പക്ഷേ, നമ്മൾ അസാധാരണമായ സാഹചര്യത്തിൽ ആ റൂൾ വേവ് ചെയ്തിട്ടുണ്ട്. അതിന് ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് രണ്ട് ദിവസം മുൻപ് റെയിൽവേ ബഡ്ജറ്റിനെക്കുറിച്ച് റൂൾ 300 അനുസരിച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ ഒരു സ്റ്റേറ്റ്മെന്റ് വച്ചു. ധനകാര്യവകുപ്പുമന്ത്രിയും ഗവൺമെന്റും കൂടി ആവശ്യപ്പെട്ടതനുസരിച്ച് പ്രതിപക്ഷ നേതാവ് എന്ന നിലയിൽ ഞാൻ സംസാരിച്ചു. ആ സ്റ്റേറ്റ്മെന്റിനോട് യോജിക്കുന്നതായി പറഞ്ഞു. അതിനുശേഷം നമ്മൾ ഈ സഭയുടെ വികാരം അനുസരിച്ച് ഒരു പ്രമേയം പാസാക്കി. ആ പ്രമേയം സ്പെഷ്യൽ മെസഞ്ചർ വഴി അന്നു തന്നെ പ്രധാനമന്ത്രിക്കു എത്തുമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയിൽ പ്രഖ്യാപിക്കുകയും ചെയ്തു. അത് റൂൾ 300-ന്റെ സ്പിരിറ്റിന് എതിരാണ്. അത് ആകാം. ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെ ബാധിക്കുന്ന ഒരു കാര്യത്തിൽ റൂൾ 300-ന്റെ കാര്യത്തിൽ ചെയ്ത നിലപാട് എന്തുകൊണ്ട് സ്വീകരിക്കാൻ പറ്റില്ല ? റൂൾ 50 അനുസരിച്ച് ചർച്ചയ്ക്ക് അനുവദിച്ചുകൊണ്ട് ഈ സഭ വിചാരിച്ചാൽ അതിനെക്കുറിച്ച് ചർച്ചയാകാം. കക്ഷിനേതാക്കൾക്ക് സംസാരിക്കാം. അതിന് ഗവൺമെന്റ് തയ്യാറുണ്ടോ എന്നാണ് എനിക്ക് അറിയേണ്ടത്. ഇല്ല എന്നാണ് ഗവൺമെന്റിന്റെ നിലപാട് എങ്കിൽ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : 130 അനുസരിച്ച് ചർച്ച ചെയ്ത് റെസെല്യൂഷൻ പാസാക്കാം. റൂൾ 50 പ്രൊസീഡുവർ എല്ലാം കൂടി നടപ്പിലാക്കണ്ട എന്നു മാത്രമേ ഞാൻ പറഞ്ഞുള്ളു.

മി. സ്പീക്കർ : അദ്ദേഹം 130 അനുസരിച്ച് ചർച്ച ചെയ്യാം എന്നാണ് പറഞ്ഞത്.

ശ്രീ. എ. കെ. ആന്റണി : സർ, ഈ സംസ്ഥാനത്തെ 3 കോടി ജനങ്ങളെ നാശത്തിലേക്ക് നയിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ തീരുമാനത്തിനെതിരായി കേരളം കക്ഷി രാഷ്ട്രീയം മറന്ന് ഒറ്റക്കെട്ടായി ശബ്ദം ഉയർത്തുകയും സമ്മർദ്ദം ചെലുത്തുകയും നമ്മെക്കൊണ്ട് കഴിയാവുന്ന എല്ലാ നീക്കങ്ങളും നടത്തുകയും ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം കേന്ദ്ര ഗവൺമെന്റിന്റെ ഈ തീരുമാനത്തിലൂടെ ഇല്ലാതാകാൻ പോവുകയാണ്. മഹാനായ ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് നെഹ്റു ഗവൺമെന്റ് ആരംഭിച്ച റേഷനിംഗ് സമ്പ്രദായം ഇല്ലാതാക്കാൻ ഉള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം ഒരു നിലയിലും നമുക്ക് അനുവദിക്കാൻ സാദ്ധ്യമല്ല. കേന്ദ്രത്തിന്റെ തീരുമാനം പിൻവലിച്ചേ പറ്റൂ. അത് പിൻവലിക്കുന്നതിനുവേണ്ടി കേരളം മാത്രമല്ല ഈ റേഷനിംഗ് സമ്പ്രദായത്തിന്റെ ഫലമായി അല്പമെങ്കിലും ആശ്വാസം കിട്ടുന്ന ഇൻഡ്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങളുടേയും സഹകരണം ഈ കാര്യത്തിൽ നാം തേടേണ്ടതുണ്ട്. ഇന്നത്തെ കേന്ദ്ര ഗവൺമെന്റിന്റെ സഖ്യകക്ഷികളായിട്ടു കൂടി തമിഴ്നാട് ഗവൺമെന്റ്, ആന്ധ്രാ ഗവൺമെന്റ്, അതുപോലെ തൃണമൂൽ കോൺഗ്രസ് ഇവരെല്ലാം ഇപ്പോൾത്തന്നെ കേന്ദ്രഗവൺമെന്റിനോട് ഈ തീരുമാനം പിൻവലിക്കാൻ ആവശ്യപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. കാരണം ഈ തീരുമാനം നടപ്പാക്കിയാൽ ആന്ധ്രാഗവൺമെന്റിന് ഈ റേഷനിംഗ് സബ്സിഡി തുടരാൻ പുതുതായി 550 കോടി രൂപ കൂടി ചെലവാകും എന്നാണു പറയുന്നത്. തമിഴ്നാട് ഗവൺമെന്റാകട്ടെ ഏപ്രിൽ 1-ാം തീയതി മുതൽ റേഷൻ വില വർദ്ധിപ്പിക്കാനുള്ള കേന്ദ്ര തീരുമാനം തള്ളിക്കളഞ്ഞിരിക്കുകയാണ്. ആ തീരുമാനം തമിഴ്നാട്ടിൽ നടപ്പാക്കില്ല എന്നു ശ്രീ. കരുണാനിധി പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. വേണ്ടി വന്നാൽ 300 കോടി രൂപ നഷ്ടം സഹിച്ചും റേഷൻ വില വർദ്ധനവ് തമിഴ്നാട്ടിൽ തടയുമെന്ന് തമിഴ്നാട് ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെ തമിഴ്നാട് ഗവൺമെന്റും ആന്ധ്രാഗവൺമെന്റും അതുപോലെ മറ്റ് പല ഗവൺമെന്റുകളും കേന്ദ്രത്തിന്റെ തീരുമാനത്തിനെതിരായി ഇപ്പോൾത്തന്നെ മുന്നോട്ടു വന്നിട്ടുണ്ട്. അവരുടെയെല്ലാം സഹകരണം നമുക്ക് ഇക്കാര്യത്തിൽ നേടേണ്ടതാണ്. റേഷൻ സമ്പ്രദായം തകർക്കുന്ന കേന്ദ്രത്തിന്റെ ഈ ആപൽക്കരമായ നടപടിക്കെതിരായി എല്ലാവരെയും യോജിപ്പിച്ചുകൊണ്ട് കേന്ദ്രതീരുമാനം പിൻവലിപ്പിക്കുന്നതിനുവേണ്ടി കേരള ഗവൺമെന്റ് എടുക്കുന്ന എല്ലാ നടപടികൾക്കും പ്രതിപക്ഷത്തിന്റെ കലവറയില്ലാത്ത പിൻതുണ ഞാൻ വാഗ്ദാനം ചെയ്യുകയാണ്. അസംബ്ലിയിൽ വികാരം പ്രകടിപ്പിച്ചതുകൊണ്ട് മാത്രം ഈ പ്രശ്നം അവസാനിക്കുന്നില്ല. പ്രശ്നപരിഹാരത്തിനുവേണ്ടി യോജിച്ച് നടപടികൾ എടുക്കേണ്ടിവരും. അതാണ് നാം ചെയ്യേണ്ടത്. കാരണം കേന്ദ്രത്തിന്റെ തീരുമാനം നടപ്പാക്കിയാൽ കേരളത്തിൽ അരിക്കും ഗോതമ്പിനും പഞ്ചസാരയ്ക്കും മാത്രമല്ല നിത്യോപയോഗ സാധനങ്ങൾക്കെല്ലാം വില കയറാൻ പോകുകയാണ്. സാധനങ്ങളുടെ വിലക്കയറ്റം പ്രധാനമായും അരിയുടെയും ഗോതമ്പിന്റെയും വിലയെ ആശ്രയിച്ചിട്ടാണ്. കേന്ദ്രഗവൺമെന്റിന്റെ ഈ അടുത്ത ദിവസങ്ങളിലെ തീരുമാനം ഇടിത്തീ പോലെയാണ് കേരളത്തിലെ ജനങ്ങൾ സ്വീകരിച്ചിരിക്കുന്നത്. കാരണം രണ്ട് സിലിണ്ടർ ഉപയോഗിക്കുന്നവർക്ക് മണ്ണെണ്ണ വേണ്ടെന്നു വച്ചു. റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചസാരയുടെ കാര്യം അതിൽ നിന്ന് ഒരു വിഭാഗത്തെ ഒഴിവാക്കിയിരിക്കുന്നു. ഇപ്പോൾ, ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് ഈ പുതിയ എക്കണോമിക് പ്രൈസിന് അരിയും ഗോതമ്പും നൽകണം എന്നുള്ള തീരുമാനത്തോടുകൂടി റേഷനിംഗ് തകർത്തിരിക്കുന്നു. കഴിഞ്ഞ 35, 36 വർഷക്കാലമായി ഈ രാജ്യത്ത് നിലനിൽക്കുന്ന, ഇന്ത്യാരാജ്യത്തെ ജനങ്ങളുടെ, രാഷ്ട്രീയകക്ഷികളുടെ, ദേശീയ വികസന കൗൺസിലിന്റെ, മുഖ്യമന്ത്രിമാരുടെ, സംസ്ഥാന ഗവൺമെന്റുകളുടെ യോജിച്ച തീരുമാനമുള്ള ദേശീയ സമന്വയമുള്ള ഒരു പ്രശ്നം ഈ കേന്ദ്രസർക്കാർ അട്ടിമറിച്ചത് പിൻവാതിലിൽക്കൂടിയാണ്. അല്ലാതെ ഡയറക്ടായിട്ടല്ല. വില വർദ്ധിപ്പിച്ചത് അഭിപ്രായസമന്വയത്തിൽ കൂടിയല്ല, പിൻവാതിലിൽ കൂടിയാണ്. വില വർദ്ധിപ്പിച്ചത് ബഡ്ജറ്റിലെ നിർദ്ദേശത്തിൽ കൂടിയാണ്. നേരെ ജനങ്ങളോട് സത്യം പറയാനുള്ള സാമാന്യമര്യാദപോലും ഇന്ന് കേന്ദ്രഗവൺമെന്റ് കാണിച്ചിട്ടില്ല. ജനങ്ങളെ ആദ്യം കബളിപ്പിക്കുകയായിരുന്നു. ഫിനാൻസ് ബിൽ പാസാകുന്നതിനു മുൻപുതന്നെ ഏപ്രിൽ ഒന്നു മുതൽ ഈ പുതിയ റേഷൻ വർദ്ധനവ് നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. അത്ര തിടുക്കം കാണിക്കുകയാണ്. ഇത് ആർക്കുവേണ്ടിയാണ്. ആരെ പ്രീതിപ്പെടുത്താൻ വേണ്ടിയാണ്, ഇത് ആരുടെ നിർദ്ദേശമനുസരിച്ചാണ് എന്നു മനസ്സിലാകുന്നില്ല. ഈ നിലയിൽ അടിയന്തിരമായി യുദ്ധകാല പരിസ്ഥിതി നേരിടുന്നതു പോലെ ഫിനാൻസ് ബിൽ പോലും പാസാകുന്നതിനു മുൻപായി ഈ റേഷൻ വില വർദ്ധനവ് ഏപ്രിൽ മുതൽ നടപ്പിലാക്കാനുള്ള തീരുമാനം ഉണ്ടായതിന്റെ പിന്നിൽ ഒരുപാട് ദുരൂഹതകളുണ്ട്. ഇന്ന് അന്തർദേശീയ തലത്തിൽ സ്വീകരിച്ചുവരുന്ന അമേരിക്കൻ പ്രീണന നയത്തിന്റെ ഭാഗമാണോ ഇത് എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. കാരണം ശ്രീ. ക്ളിന്റന്റെ സന്ദർശനത്തിനു മുൻപായിത്തന്നെ ഇതുപോലെ ഒരു നടപടി വരണമെന്നു ഗവൺമെന്റ് തിടുക്കം കാണിക്കുന്നു എന്നുള്ളതുകൊണ്ട് ഏതായാലും ഈ നടപടിയുടെ പിന്നിൽ ഒരുപാട് കാര്യങ്ങൾ വ്യക്തമാക്കേണ്ടതുണ്ട്. ഇത്രയും ഗൗരവതരമായ ഒരു പ്രശ്നം, ഇത് കേരളത്തിന്റെ നിലനിൽപ്പാണ്. കേരളത്തിന്റെ ജീവൽ പ്രശ്നമാണ്. ഈ പ്രശ്നം നമ്മൾ സാങ്കേതികത്വത്തിൽ നിർത്തുന്നത് ശരിയാണോ ? ഈ നിയമസഭ ടെക്നിക്കാലിറ്റി സ്വീകരിക്കുന്നത് ശരിയാണോ ? കേരളത്തെ മുഴുവൻ ബാധിക്കുന്ന, മുഴുവൻ കേരളീയരെയും ബാധിക്കുന്ന കേരളത്തിലെ പാവപ്പെട്ട തൊഴിലാളികളെ, ദരിദ്രരെ, കർഷകത്തൊഴിലാളികളെ, മത്സ്യത്തൊഴിലാളികളെ, മുഴുവൻ തൊഴിലാളികളെയും, എൻ.ജി.ഒമാരെയും, അദ്ധ്യാപകൻമാരെയും, പ്യൂൺമാരെയും, തൊഴിലാളിവർഗ്ഗത്തെ, ഇടത്തരക്കാരെ, ഈ സംസ്ഥാനത്തെ മുഴുവൻ-ബാധിക്കുന്ന, ഇത്രയും ഗുരുതരമായ പ്രശ്നത്തിൽ ടെക്നിക്കാലിറ്റി ശരിയാണോ ? ഇത് ടെക്നിക്കാലിറ്റിയിൽ നാം നിൽക്കേണ്ട ഒരു പ്രശ്നമാണോ ? ഈ സഭയ്ക്കു അധികാരമില്ലേ, ഈ സഭയ്ക്കു ഏത് കാര്യങ്ങളും സോൾവ് ചെയ്യാൻ അവകാശമില്ലേ, നാം ചെയ്തിട്ടില്ലേ ? ഈ സഭയല്ലേ പരമാധികാര സഭ ? ഈ സഭയുടെ പരമാധികാരം നാം പണയം വച്ചിട്ടുണ്ടോ ? ഈ പരമാധികാര സഭ ഈ തീരുമാനം എടുക്കുന്നതിനുമുമ്പ് മറ്റാരുടെയെങ്കിലും നിർദ്ദേശം നമുക്ക് ആവശ്യമുണ്ടോ ? നമുക്ക് തീരുമാനിക്കാൻ സാദ്ധ്യമല്ലേ ? ഈ സംസ്ഥാനത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന, ഈ സംസ്ഥാനത്തെ ജനങ്ങളെ ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും ക്ഷാമത്തിലേക്കും പട്ടിണി മരണങ്ങളിലേക്കും തള്ളിനീക്കാൻ ഇടയുള്ള ഈ തീരുമാനത്തിനെതിരായി നാം ടെക്നിക്കാലിറ്റി എന്നുപറയുന്ന വൈക്കോൽ തുരുമ്പിൽ പിടിച്ച്, സാങ്കേതികത്വത്തിന്റെ പേരിൽ, നമ്മുടെ യോജിപ്പ് തടണമോ ? എനിക്ക് വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഭക്ഷ്യമന്ത്രിയോടും പറയാനുള്ളത് നിങ്ങൾ ടെക്നിക്കാലിറ്റിയിൽ നിൽക്കരുത്. കേരളത്തിന്റെ പൊതുവികാരം പ്രകടിപ്പിക്കാനുള്ള ഈ

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ സാങ്കേതികത്വം പറഞ്ഞുനിന്നാൽ ചരിത്രം നിങ്ങൾക്ക് മാപ്പ് നൽകുകയില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ സഭ നിർത്തിവച്ച് നമ്മൾ ഈ പ്രശ്നം ചർച്ച ചെയ്ത്, ചർച്ചയ്ക്കുശേഷം, റെയിൽവേ ബഡ്ജറ്റിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ശ്രീ. ശിവദാസമേനോൻ റൂൾ 300 കൊണ്ടുവന്നതിനു ശേഷം ആ റൂൾ 300-ൽ അനുവദിക്കപ്പെട്ടിട്ടില്ലെങ്കിലും അസാധാരണമായ സാഹചര്യത്തിൽ നാം പ്രമേയം പാസ്സാക്കിയതുപോലെ, ഇക്കാര്യത്തിലും ഈ സഭയിലെ എല്ലാ കക്ഷി നേതാക്കൻമാരും അവരുടെ കക്ഷികളുടെ വികാരം പറഞ്ഞതിനുശേഷം യോജിച്ച് ഒരു പ്രമേയം പാസ്സാക്കാൻ തയ്യാറാകണം. അതിന് ഇപ്പോഴും തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ മർക്കട മുഷ്ടി നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷനേതാവ് ശ്രീ. എ. കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, യോജിച്ച ഒരു പ്രമേയം പാസ്സാക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നു. ഇവിടെ കേരളത്തിന്റെ ഏറ്റവും സുപ്രധാനമായ ഒരു പ്രശ്നം നമ്മൾ എല്ലാവരുംകൂടി യോജിച്ച് നിന്ന് ഒരു നിലപാടെടുത്ത് ഇന്ന് അവതരിപ്പിക്കുന്ന കാര്യത്തിൽ നമുക്ക് ഒരു വീഴ്ച പറ്റിയതുപോലെയായി. എന്തു കാരണം പറഞ്ഞാലും ഈ നിയമസഭയിൽ വളരെ അടിയന്തിരമായി എടുത്ത് ചർച്ചചെയ്യേണ്ട ഈ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ഒരു പ്രശ്നത്തിൽ ഇങ്ങനെ ഒരു സ്ഥിതി വന്നത് അങ്ങേയറ്റം ഖേദകരമായി പോയി. ഇത് ഇവിടത്തെ ജനങ്ങളെ ഏത് തരത്തിൽ ബാധിക്കുമെന്നുള്ളത് ആരും ആരെയും പറഞ്ഞ് ബോധിപ്പിക്കേണ്ട കാര്യമില്ല. ഇതിനെക്കാൾ പ്രധാനമായ/ഗുരുതരമായ ഒരു വിഷയം നമുക്കില്ല. കേന്ദ്രം ഭരിക്കുന്ന ആളുകൾ യാതൊരു തരത്തിലും ഇവിടത്തെ ജനങ്ങളുടെ വികാരം മനസ്സിലാക്കാതെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിൽ എന്ത് കാരണമുണ്ടെങ്കിലും ആ കാരണങ്ങളൊക്കെ ഒഴിവാക്കി നമ്മൾ ഒരുമിച്ച് നിന്ന് ചർച്ച നടത്തി ആ വികാരത്തിനെതിരായി ശക്തമായി പ്രതികരിക്കേണ്ട ഒരു സന്ദർഭമായിരുന്നു ഇന്ന്. അതുണ്ടാവാത്ത ഒരു സാഹചര്യത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി : സർ, ഈ വിഷയത്തിൽ ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടിനെ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ വിഷയം ഇന്നിവിടെ ചർച്ച ചെയ്യേണ്ടതായിരുന്നു. ഇതിനെ സംബന്ധിച്ച് മുൻകൂട്ടിയുള്ള അറിവ് ഗവൺമെന്റിനുണ്ട്. കഴിഞ്ഞ ഫെബ്രുവരി മാസം 18-ാം തീയതി ഗവർണ്ണർ നിയമസഭയിൽ നടത്തിയ പ്രസംഗത്തിലെ ഒരു വാചകം ഞാൻ വായിക്കാം. "കേന്ദ്ര സർക്കാർ റേഷൻ സബ്സിഡി പിൻവലിക്കാൻ പോകുന്നതായി സൂചനകളുണ്ട്. എന്നിരുന്നാലും റേഷൻ സാധനങ്ങൾ ന്യായമായ വിലയ്ക്കു നൽകുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്." അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് വളരെ മുൻകൂട്ടി ഇത് കണ്ടിരുന്നു. കഴിഞ്ഞ 18-ാം തീയതി നിയമസഭയിൽ ഗവർണ്ണർ നടത്തിയ പ്രസംഗത്തിൽ ഇതിനുള്ള സാദ്ധ്യതകൾ ഗവൺമെന്റ് കണ്ടു. കണ്ടതിനു ശേഷം ഇവിടെ ഈ റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചപ്പോൾ ദാരിദ്ര്യരേഖയ്ക്കു താഴെ നിൽക്കുന്ന ആളുകൾ കൂടുതൽ വില കൊടുക്കേണ്ടിവരുന്നു, അതിനു മുകളിലുള്ളവർക്ക് റേഷൻ ലഭിക്കാതെ പോകുന്നു. വാസ്തവത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിൽക്കുന്ന ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇതിൽ കൂടുതൽ ഗുരുതര മായ ഒരു സാഹചര്യം ഉണ്ടാകാനില്ല. അത്രമാത്രം ഗുരുതരമായ സ്ഥിതി ഉണ്ടായിരിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറെ നിങ്ങൾ ഈ *** കൊണ്ടെത്തിച്ചു അതാണ് സംഭവിച്ചത്. റൂൾ 300-ന് മന്ത്രി നോട്ടീസ് കൊടുത്തു. സ്പീക്കർ സ്വാഭാവികമായിട്ട് അത് അഡ്മിറ്റ് ചെയ്തു. റൂൾ 50-ന് ഇന്നു ഇവിടന്നു നോട്ടീസ് കൊടുത്തപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ കാര്യങ്ങൾ അറിയാൻ പാടില്ലാത്ത ആളല്ല അദ്ദേഹത്തിനു റൂൾസ് അറിയാം, അദ്ദേഹം ഏറ്റവും ബാലിശമായ ഒരു സാങ്കേതികത്വം പറഞ്ഞു, റൂൾ 51 അനുസരിച്ചുള്ള നോട്ടീസ് വേണമെന്ന്. ഇവിടെ കൺവെൻഷൻ ഉണ്ടല്ലോ, സ്പീക്കറെ കണ്ട് രാവിലെ കൊടുക്കുന്ന നോട്ടീസിൽ മന്ത്രിക്കുള്ള പകർപ്പും കൊടുക്കുന്നു. ആ പകർപ്പ് സ്പീക്കറുടെ ഓഫീസിൽ നിന്നാണ് മന്ത്രിയുടെ ഓഫീസിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടുന്നത്. ഞാൻ വായിച്ചു ; അങ്ങ് പറഞ്ഞപ്പോൾത്തന്നെ ഞാൻ എടുത്ത് പല പ്രാവശ്യം വായിച്ചു. അപ്പോൾ ഇതിനകത്ത് തികച്ചും സാങ്കേതികത്വമാണ്. മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ചെയ്യേണ്ടിയിരുന്നത് ഈ വിഷയം ഇവിടെ വന്നപ്പോൾ ഇവിടെ ചർച്ചചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കുകയായിരുന്നു, സാഹചര്യം ഉണ്ടാക്കിയില്ല. നിങ്ങൾ ആദ്യം റൂൾ 51 അനുസരിച്ചുള്ള നോട്ടീസിന്റെ സാങ്കേതികത്വം പറഞ്ഞു. രണ്ടാമത് മുഖ്യമന്ത്രി എഴുന്നേറ്റിട്ട് അദ്ദേഹം കുറച്ചുകൂടി നല്ല ഒരു സമീപനം സ്വീകരിച്ചു. രണ്ട് നിലയിലും വന്നിരിക്കുന്നു, ഒരു ചർച്ചയാകാം എന്നു പറഞ്ഞു. ഇപ്പോൾ ഇവിടെ ചർച്ച നടന്നിട്ടുണ്ടോ, ചർച്ച നടന്നി ല്ലല്ലോ. കഴിഞ്ഞ ദിവസം ഇവിടെ റെയിൽവേയുടെ പ്രശ്നം വന്നു. റൂൾ 300 സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രിക്കുവേണ്ടിയിട്ടാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. അന്ന് ഞാൻ ഈ സഭയിൽ എഴുന്നേറ്റു നിന്ന് പറഞ്ഞു. അങ്ങയുടെ അഭിപ്രായ പ്രകടനത്തെ ഞാൻ മാനിക്കുകയും ചെയ്തതാണ്. ഞാൻ അവിടെവച്ച് പറഞ്ഞു റൂൾ 300 സ്റ്റേറ്റ്മെന്റ് വന്നിരിക്കുന്നു എന്ന്. അത് കഴിഞ്ഞ് റെസല്യൂഷൻ കൊണ്ടുവന്നു. ആ റെസല്യൂഷൻ പാസ്സാക്കാൻ പോയി അപ്പോൾ ഞാൻ പറഞ്ഞു ചട്ടപ്രകാരം ശരിയല്ല, അതുകൊണ്ട് നമുക്ക് ചെയ്യേണ്ടിയിരുന്ന റൂൾ 130 അനുസരിച്ച് ഒരു പ്രമേയം ഇവിടെവന്ന് ഒരു സബ്സ്റ്റാന്റീവ് മോഷൻ എടുത്തിട്ട് നമുക്ക് ഇത് പാസ്സാക്കാം, നമ്മുടെ ചട്ടങ്ങൾ അതാണ് പറയുന്നത്. അപ്പോൾ നിങ്ങൾ പറഞ്ഞു ഇതൊക്കെ നേരത്തെ മുൻകൂട്ടി പറയണ്ടേ ? അല്ലാതെ എങ്ങനെയാണ് എന്നു ചോദിച്ചു. അപ്പോൾ സ്പീക്കർക്ക് അതിനോട് എഗ്രീ ചെയ്യേണ്ടതായിട്ട് വന്നു. റൂൾ 300 കൊണ്ടുവന്ന് ഇവിടത്തെ റെയിൽവേയുടെ പ്രശ്നത്തിൽ നിങ്ങൾ ഒരു ചർച്ചയ്ക്കുള്ള അവസരം പോലും നിഷേധിച്ചു. ഞാൻ അപ്പോഴും പറഞ്ഞതെന്താ ? ഇവിടത്തെ റെയിൽവേ വികസനത്തിന്റെ കാര്യത്തിലും കേന്ദ്ര ബഡ്ജറ്റ് കേരളത്തോട് അവഗണന കാണിച്ചിരിക്കുന്നു. സർ, സഭയുടെ റെസല്യൂഷൻ വന്നു, ആർക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷേ, ഈ സഭയിലുള്ള കക്ഷികളെ സംബന്ധിച്ചിടത്തോളം അവരുടെ അഭിപ്രായം വരണ്ടേ ? എല്ലാ കക്ഷികൾക്കുമില്ലെ അഭിപ്രായം ? ആ അഭിപ്രായങ്ങൾ വന്നാൽ രേഖയിൽ ഉണ്ടാകുമല്ലോ. ഇവിടത്തെ മീഡിയ അത് ടേക്ക്അപ്പ് ചെയ്യും ; അത് അറിയേണ്ട ആളുകൾ അറിയും ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ബഹുമാനപ്പെട്ട

*** ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവുപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

സ്പീക്കർ ഇത് സ്പെഷ്യൽ മെസഞ്ചർ വഴി അവിടെ എത്തിച്ചു കൊടുക്കാമെന്ന് പറഞ്ഞു. ഇത്രയും സ്പീക്കറുടെ ഭാഗത്തുനിന്ന് ഉണ്ടായില്ലേ ? അപ്പോൾ അവിടെയും കാണിച്ചത്, ഈ ചർച്ച ഈ സഭയിൽനിന്ന് ഒഴിവാക്കണം ; അതിന് നിങ്ങൾ റൂൾ 300 കൊണ്ടുവന്നു. ഇന്നത്തെ നിങ്ങളുടെ ഉദ്ദേശം ചർച്ച ഒഴിവാക്കണമെന്നാണ്, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ് റൂൾ 313-ൽ പറയുന്നതെന്താ ? "Any member may, with the consent of the Speaker, move that any rule may be suspended in its application to a particular motion before the Assembly and if the motion is carried, the rule in question shall be suspended for the time being" അതാണ് പറയുന്നത്. ഏത് റൂളും ഏതു സമയത്തും ഈ സഭയ്ക്ക് സസ്പെൻഡ് ചെയ്യാം, സഭയുടെ കൺസെന്റോടുകൂടി നിങ്ങൾക്ക് വേണമെങ്കിൽ ഈ റൂൾ 50-ന് അകത്ത് ഒരു ചർച്ച അനുവദിച്ചുകൊണ്ട് ഇവിടെ ഈ റൂൾ സസ്പെൻഡ് ചെയ്ത് ഒരു റെസല്യൂഷൻ എടുത്ത് അയയ്ക്കാൻ പാടില്ലേ ? അതെന്താണ് ചെയ്യാത്തത് ? ചെയ്തില്ലല്ലോ. എന്തിനാണ് സാർ, ഈ അസഹിഷ്ണുത കാണിക്കുന്നത് ? ഈ കേരളത്തിലെ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന ഒരു നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചാൽ നിങ്ങളെപ്പോലെ ഉൽക്കണ്ഠ ഞങ്ങൾക്കും ഉണ്ട്. ഞങ്ങൾ നിങ്ങളുടെ കൂടെവരാൻ തയ്യാറാണ്. ഇത്രയും പ്രശ്നം ഉണ്ടായല്ലോ. മുഖ്യമന്ത്രി ഒന്നും പറഞ്ഞില്ല. കഴിഞ്ഞദിവസം ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു, ഇപ്പോൾ ഭക്ഷ്യവകുപ്പു മന്ത്രി പറഞ്ഞു. ഈ രണ്ടു വിഷയങ്ങൾ റേഷൻ സബ്സിഡിയുടെ കാര്യം നിൽക്കുന്നു. അതുപോലെ റെയിൽവേയുടെ ബുദ്ധിമുട്ടും, നമ്മുടെ എം.പി.മാർ ഒന്നിച്ച് അവിടെ അഭിപ്രായം പറഞ്ഞു, കക്ഷി വ്യത്യാസം ഇല്ലായിരുന്നല്ലോ എല്ലാ എം.പിമാരും അവിടെ ഒന്നിച്ചിരുന്നു അവർ സത്യാഗ്രഹം നടത്തി ഒരു ആൾ പാർട്ടി ഡെലിഗേഷന് നിങ്ങൾക്ക് തയ്യാറായാൽ എന്താണ് കുഴപ്പം ? ചെറിയ ഒരു സംഗതിയല്ലേ ഉള്ളൂ ? എത്ര ലക്ഷം രൂപ അനാവശ്യമായിട്ട് ഡി.എ. ആയിട്ട് ഓരോരുത്തർക്ക് കൊടുത്തുവിടുന്നു. പ്രൊപ്പോസൽ വയ്ക്കേണ്ടത് ഗവൺമെന്റാണ് ആൾ പാർട്ടി ഡെലിഗേഷന് പോകാമെന്ന്, ഇവിടെ നിന്ന് ആൾ പാർട്ടി ഡെലിഗേഷന് അയച്ചിട്ടില്ലേ, ആ പ്രൊപ്പോസൽ വരേണ്ടത് നിങ്ങളുടെ ഭാഗത്തുനിന്നാണ്. ഗവൺമെന്റ് അതിന് തയ്യാറുണ്ടോ ? മുഖ്യമന്ത്രി അവസാനമെങ്കിലും ഒന്നുപറ ഈ കേരളത്തിന്റെ പ്രശ്നം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : എം.പിമാർ കണ്ടാൽ മതി, നിങ്ങൾക്ക് വേണമെങ്കിൽ പോകാമല്ലോ, എല്ലാ പാർട്ടികളുടേയും എം.പിമാർ അവിടെയുണ്ട്.

ശ്രീ. ടി. എം. ജേക്കബ് : ഇതാണ് സാർ, ഇത്രയും നിഷേധാത്മകമായ ഒരു സമീപനം ഇപ്പോൾ നിങ്ങൾ കേട്ടല്ലോ. കേട്ടോ, ഇതു തന്നെയാണ് മുഖ്യമന്ത്രി നേരത്തെ ഐ.കെ.ഗുജറാൾ ഉണ്ടായിരുന്നപ്പോൾ സ്വീകരിച്ച സമീപനം. അന്ന് യുഡി.എഫ്.ന്റെ ഡെലിഗേഷന് ഞങ്ങൾതന്നെ പോയി. ഈ വിഷയത്തിലും ഞങ്ങൾ പോകും.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : തനിക്ക് പ്രത്യേകിച്ച് പോകണമെങ്കിൽ പോകാം.

ശ്രീ. ടി.എം. ജേക്കബ് : ആ പ്രത്യേകിച്ചു പോകാം, അപ്പോൾ അത് വേണ്ട, ഞാൻ പറഞ്ഞല്ലോ മുഖ്യമന്ത്രി, ഡൽഹിവരെ പോയി പ്രധാനമന്ത്രി വാജ്പേയിയെ കണ്ട് ഒരു നിവേദനം നടത്താൻ ഐക്യജനാധിപത്യ മുന്നണിക്ക് സാധിക്കും. ഞങ്ങൾ പോകും, ഞങ്ങൾ പോയി ഞങ്ങളുടെ അഭിപ്രായം അവിടെ പറയും. ആതാണ് ഗവൺമെന്റിന്റെ മനസ്സിലിരുപ്പ്. മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു, ഈ പ്രശ്നം കേന്ദ്രത്തിൽ യോജിച്ച് അവതരിപ്പിക്കാൻ നിങ്ങൾക്ക് സമ്മതമില്ല. അതല്ലേ മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞതിന്റെ അർത്ഥം ? (തടസ്സം) അല്ല, അല്ല, ഞങ്ങൾ ആൾ പാർട്ടി ഡെലിഗേഷൻ നടത്തിയിട്ടുണ്ട്, അങ്ങ് പ്രതിപക്ഷനേതാവായിരുന്നപ്പോൾ നമ്മൾ ഒരുമിച്ച് ഡൽഹിയിൽപോയി ഡെലിഗേഷൻ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : കഴിഞ്ഞ തവണ നിങ്ങൾ ഭരിച്ചപ്പോൾ മുഴുവൻ നിങ്ങൾ ഞങ്ങളെ കൂട്ടിയിട്ടാണല്ലോ പോയത്!

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ഉറപ്പായി പറയുന്നു, ഞാൻ തെളിവു സഹിതം കൊണ്ടു ഹാജരാക്കാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പ്രതിപക്ഷനേതാവായിരുന്ന അവസരത്തിൽ ഇവിടെനിന്ന് സംസ്ഥാനഗവൺമെന്റിന്റെ നേതൃത്വത്തിൽ ആൾ പാർട്ടി ഡെലിഗേഷന് പോയിട്ടുണ്ട്. നമ്മൾ ഡൽഹിയിൽ പോയി കണ്ടിട്ടുണ്ട്. നിങ്ങളുടെ ഗവൺമെന്റ് വന്നിട്ട് നാലു വർഷം പൂർത്തിയാകാൻ പോകുന്നു, ഇതുവരെ ഈ സ്റ്റേറ്റിനെ പൊതുവായി ബാധിക്കുന്ന ഒരു വിഷയത്തിലും ഒരു ആൾ പാർട്ടി ഡെലിഗേഷന് കൊണ്ടുപോകാൻ നിങ്ങൾ തയ്യാറായിട്ടില്ല. നിങ്ങൾ കൊണ്ടുപോകണ്ട, ഞങ്ങൾ പോയി കണ്ടു കൊള്ളാം. ഇതാണ് ഞാൻ പറഞ്ഞത് ഇതിനുള്ള ഇച്ഛാശക്തിവേണം, സ്പീക്കറെ നിങ്ങൾ *** കൊണ്ടു ചെന്ന് എത്തിച്ചില്ലേ, ഞങ്ങൾ റൂൾ 50 കൊണ്ടുവന്നു, കേരളത്തിന്റെ പ്രശ്നത്തിൽ ഒരുമിച്ചു നിന്നുകൊണ്ട് സംസാരിക്കാനുള്ള സാഹചര്യം വരെ.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 'ചെയറിന്റെ *** അത് വിത്ഡ്രാ ചെയ്യണം. അത് രേഖയിൽ പാടില്ല.

മി. സ്പീക്കർ : ആ വാക്ക് രേഖയിൽ നിന്ന് നീക്കം ചെയ്യുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, ***യെന്നു പറഞ്ഞാലെന്താ ? ശരി, ചെയറിന് ഒരു തീരുമാനമെടുക്കുന്നതിന് ഭരണകക്ഷിയിൽ നിന്ന് ഉണ്ടായിരിക്കുന്ന തടസ്സമെന്ന് ഞാൻ ആക്കി തീർക്കുന്നു, *** എന്നത് പിൻവലിച്ചിട്ട്. ഭരണകക്ഷിയുടെ സമീപനം മൂലം ഒരു നിലപാട് സ്വീകരിക്കാൻ ബുദ്ധിമുട്ട് ഉണ്ടായിരിക്കുന്നു, ഞാൻ ആ വാക്ക് ഉപേക്ഷിക്കുന്നു, *** പിൻവലിക്കുന്നു. സർ, സ്റ്റേറ്റിന്റെ അഭിപ്രായമല്ല, 'ഞങ്ങളുടെ മസിൽപവർ, ഞങ്ങളുടെ അഭിപ്രായം' അതിൽ നിങ്ങൾ ഉറച്ചുനിൽക്കുകയാണ്. നിങ്ങളുടെ ഈ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട മറ്റംഗങ്ങളും സഭ വിട്ട് പുറത്തുപോകുകയും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും ഹാജരാകുകയും ചെയ്തു.)

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇവിടെ പ്രശ്നം എന്താണെന്നു വച്ചാൽ റൂൾ 300 അനുസരിച്ച് ചർച്ച ഒക്കുകയില്ല എന്നത് ശരിയാണ്, റൂൾ 50 അനുസരിച്ച് ചർച്ചയും പ്രമേയവും സാധിക്കുകയില്ല. ഒരു പ്രമേയം പാസ്സാക്കണമെന്നുണ്ടെങ്കിൽ റൂൾ 130 വേണം. അതിന് അവർ സഹകരിച്ചില്ല ഇപ്പോഴും ഞാൻ തയ്യാറാണ്, ഇന്നേദിവസം അവർ സഹകരിക്കുമെങ്കിൽ റൂൾ 130 അനുസരിച്ച് ചർച്ച ചെയ്യാൻ തയ്യാറാണ്. അതനുസരിച്ച് പ്രമേയവും പാസ്സാക്കാൻ തയ്യാറാണ്.....(ബഹളം).....

മി. സ്പീക്കർ : ഗുഡ്, ഗുഡ്, വെരി ഗുഡ്, അതെടുക്കാം, ആലോചിച്ചിട്ട് ഒരു ധാരണയുണ്ടെങ്കിൽ ഇതെടുക്കാം, ഒരു കുഴപ്പവുമില്ല. ബിസിനസ് കഴിയുമ്പോൾ, ബഹുമാനപ്പെട്ട ചീഫ്വിപ്പ് പറഞ്ഞത് ശരിയാണ്, ആ സമയം നോക്കിയിട്ട് സമയം കണ്ടെത്താം, ആലോചിച്ച് അറിയിക്കുക, പ്രമേയം എടുക്കാം, ഇത് പ്രമേയത്തിനുവേണ്ടിയുള്ള റൂൾ ആണ്. അത് നമുക്ക് എടുക്കാം, ഒരു കുഴപ്പവുമില്ല. അത് പറഞ്ഞല്ലോ.

*** ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവുപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : അടിയന്തിര പ്രമേയത്തിൽ വാക്കൗട്ട് നടത്തി കഴിഞ്ഞ് പിന്നെ എന്താണ് ചർച്ച.

മി. സ്പീക്കർ : അതാണ്, ഇതിന്റെ ബുദ്ധിമുട്ട്,

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇത് കേരളത്തിന്റെ പ്രശ്നമാണ്. അതുകൊണ്ട് ഒരു യുനാനിമസ് പ്രമേയമുണ്ടാക്കാനായിട്ട്.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു, യോജിക്കാമെങ്കിൽ ഈ കാര്യം അദ്ദേഹം ചെയ്യാമെന്നാണ് പറഞ്ഞത്, അത് ആലോചിച്ച് അറിയിക്കുക.

IV ശ്രദ്ധക്ഷണിക്കൽ

(1) കാർഷികവായ്പകളിന്മേലുള്ള പലിശ എഴുതിത്തള്ളുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സത്യൻ മൊകേരി : സർ, കേരളത്തിലെ കാർഷിക മേഖലയിലുള്ള കൃഷിക്കാർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് സഭയുടെ മുൻപിൽ പ്രശ്ന പരിഹാരത്തിനു വേണ്ടി ഞാൻ അവതരിപ്പിക്കുന്നത്. കഴിഞ്ഞ ഒരു മാസക്കാലമായി ഫെബ്രുവരി മാസം നാലു മുതൽ കേരളത്തിലെ കാർഷിക മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് അഖിലേന്ത്യാ കിസാൻസഭ കർഷകപ്രക്ഷോഭയാത്ര നടത്തി വരികയാണ്. നാളെ ആ പ്രക്ഷോഭയാത്ര നെടുമങ്ങാട് കൃഷിക്കാരുടെ വലിയ പ്രകടനത്തോടു കൂടി അവസാനിക്കും. ആ പ്രക്ഷോഭയാത്രയിൽ ഞങ്ങൾ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആവശ്യമാണ് കൃഷിക്കാരുടെ വായ്പയിലെ പലിശയും പിഴപലിശയും എഴുതിത്തള്ളുക എന്നത്. ദേശസാൽകൃത ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വാങ്ങിയിട്ടുള്ള വായ്പകളിൽ വന്നുചേർന്നിട്ടുള്ള, പലിശ, പിഴപ്പലിശ എന്നിവ എഴുതിത്തള്ളുന്നതിനും അടച്ച സംഖ്യ മുതലിൽ വരവ് വയ്ക്കുന്നതിനും വേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. അതിനാവശ്യമായി വരുന്ന ബാധ്യത ഗവൺമെന്റിനു തന്നെ ഏറ്റെടുത്ത് ബഡ്ജറ്റിൽ ആ തുക വകയിരുത്തി ധനകാര്യ സ്ഥാപനങ്ങൾക്കും ബാങ്കുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും നൽകണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. കേരളത്തിലെ കൃഷിക്കാർ കാർഷികാവശ്യത്തിനുവേണ്ടി വായ്പയെടുക്കുന്നു. പച്ചക്കറികൃഷി ചെയ്യുന്നതിനും, മത്സ്യക്കൃഷി ചെയ്യുന്നതിനും വാഴകൃഷി ചെയ്യുന്നതിനും തെങ്ങ്, കമുക് മറ്റു പല കാർഷികവിളകൾ കൃഷി ചെയ്യുന്നതിനും വായ്പയെടുക്കുന്നു. വായ്പയെടുക്കുന്ന സംഖ്യ അവർക്ക് യഥാസമയം തിരിച്ചടയ്ക്കാൻ കഴിഞ്ഞിട്ടില്ല. കാരണം കാർഷികവിളകൾക്ക് തുടർച്ചയായിട്ടുണ്ടാകുന്ന രോഗബാധ, തെങ്ങിനാണെങ്കിൽ മണ്ഡരി രോഗബാധ, കൂമ്പുചീയൽ, വേരു ചീയൽ, അതുപോലെ കുരുമുളകിന് ഉണ്ടാകുന്ന രോഗബാധ, വാഴയ്ക്കും പച്ചക്കറികൾക്കും ഉണ്ടാകുന്ന രോഗബാധ, നിരന്തരമായുണ്ടാകുന്ന കാലവർഷക്കെടുതികൾ, ഉരുൾപ്പൊട്ടൽ. കാലവർഷക്കെടുതികൊണ്ടും രോഗബാധകൊണ്ടും കൃഷിക്കാർക്ക് ബാങ്കുകളിൽനിന്നും സഹകരണസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ സാധിച്ചിട്ടില്ല. വായ്പ അടച്ച കൃഷിക്കാർ തന്നെ വളരെ പ്രയാസങ്ങൾ അനുഭവിച്ചാണ് തിരിച്ചടച്ചിട്ടുള്ളത്. കൃഷിക്കാരെ സംബന്ധിച്ച് വായ്പ തിരിച്ചടച്ചില്ലെങ്കിൽ മാനഹാനിയുടെ പ്രശ്നമാണ്. അതുകൊണ്ട് വളരെ പ്രയാസപ്പെട്ട് ചില കർഷകർ

LIBRARY ARCHIVES Kerala Legislative Assembly